# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമണ്ണ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി /പി1/1729/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 12/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമണ്ണ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി /പി1/1729/2023 തീയ്യതി: 12/12/2023

## കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 01-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോഷോ ബെന്നറ്റ് ജോൺ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 02-11-2023 | 09-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-11-2023 | 09-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി. ജിഷ സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഷിബിൻ.കെ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിബിൻ..ഇ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഷാജി പുത്തലത്ത് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി രാധിക എൻ.ആർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ദിവ്യ എ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ ശ്യാദാസ് | കൃഷി ഓഫീസർ | 01-04-2022 | 03-08-2022 |
| ശ്രീമതി സന്ധ്യ പി. ടി. | കൃഷി ഓഫീസർ | 03-08-2022 | 31-03-2023 |
| ഡോ: സ്മിതമോൾ | വെറ്ററിനറി സർജൻ | 01-04-2022 | 01-11-2022 |
| ഡോ: മിഥുൻ | വെറ്ററിനറി സർജൻ | 02-11-2022 | 14-02-2023 |
| ഡോ: മിഥുല പി | വെറ്ററിനറി സർജൻ | 15-02-2023 | 31-03-2023 |
| ശ്രീമതി തങ്കമണി.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശോഭന.കെ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ: റുമൈസ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ: രേഖ. ആർ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 08-01-2023 |
| ഡോ: രാധികാ കൈമൾ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 09-01-2023 | 31-03-2023 |
| ശ്രീമതി സിംലി.സി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ജിജി ഗോവിന്ദ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 13-02-2023 |
| ശ്രീമതി സിംലി.സി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 14-02-2023 | 31-03-2023 |
| ഡോ: ഷംഷീർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി ജിഷ സി.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 25-10-2022 |
| ശ്രീമതി അഞ്ജലി എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 26-10-2022 | 31-03-2023 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കഴിഞ്ഞവർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നിക്കീയിരിപ്പ് തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-2 |
| 4 | 21 -22 വർഷത്തെ നിക്കീയിരിപ്പ് ട്രയൽബാലൻസിൽ തൻവർഷം മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ഉദ്ദേശം പ്രതിഫലിക്കുന്ന ഹെഡിൽ വരവ് ബുക്ക് ചെയ്തിട്ടില്ല. | 1-1-5 |
| 7 | എല്ലാ ബാങ്കിന്റെയും റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. | 1-1-6 |
| 8 | ചെക്ക് ഇഷ്യൂ ചെയ്ത് 3 മാസം കഴിഞ്ഞിട്ടും പിൻവലിക്കാത്ത തുകകൾ Stale ചെക്ക് ഹെഡിലേക്ക് മാറ്റിയിട്ടല്ല | 1-1-7 |
| 9 | ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ തുക പിൻവലിച്ചു | 1-1-8 |
| 10 | വാർഷിക ധനകാര്യ പത്രികയിലെ തുകയും പെർമിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-9 |
| 11 | വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-1-10 |
| 12 | ഡിമാന്റ് എൻട്രി കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-11 |
| 13 | പ്രതിമാസപൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-12 |
| 14 | ചെലവ് പത്രികയിലെ ആകെ ചെലവും വാർഷിക കണക്കിലെ ആകെ ചെലവും പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | യഥാർത്ഥത്തിൽ ചെലവഴിക്കാത്ത തുകകൾ എ.സി.ആർ പ്രകാരം ചെലവായി കാണിച്ചു. | 1-1-14 |
| 16 | . ബാദ്ധ്യത ഹെഡിൽ നിക്കീയിരിപ്പുള്ള തുകകൾ സർക്കാരിലേക്ക് തിരിച്ചടവാക്കിയില്ല | 1-1-15 |
| 17 | റിഡംപ്ഷൻ ഇനത്തിൽ ലഭ്യമാവാനുള്ള തുക പൂർണ്ണമായും തിരികെ ലഭിച്ചില്ല | 1-1-16 |
| 18 | ചെലവ് പത്രികയിൽ ചെലവ് കാണിച്ചില്ല | 1-1-17 |
| 19 | ബഡ്ജറ്റ് | 1 -2 |
| 20 | സാമ്പത്തിക വിശകലനം (രസീത് ആന്റ് പേയ് മെന്റ് പ്രകാരം) | 1-3 |
| 21 | ഫണ്ട് വിനിയോഗം | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 23 | ക്ഷേമ പദ്ധതികൾ | 1-6 |
| 24 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 25 | ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല | 1-8 |
| 26 | ടാക്സ് ഓഡിറ്റ് | 1-9 |
| 27 | തൊഴിൽ നികുതി - അപാകതകൾ | 1-10 |
| 28 | വസ്തു നികുതി ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയിച്ച് നൽകി | 1-11 |
| 29 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല | 1-12 |
| 30 | നിബന്ധനകൾ പാലിക്കാതെ വ്യത്യസ്ത നിരക്കിൽ ലേലം/ക്വട്ടേഷൻ തുക ഈടാക്കുന്നു | 1-13 |
| 31 | ക്വട്ടേഷൻ  പ്രകാരം തുക ഈടാക്കിയില്ല | 1-14 |
| 32 | ഗുണഭോക്താക്കൾക്ക് മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം ചെയ്തു | 1-15 |
| 33 | കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-16 |
| 34 | ചെലവ് പത്രികയിൽ യഥാർത്ഥ ചെലവ് പ്രതിഫലിക്കുന്നില്ല. | 1-17 |
| 35 | മാമ്പുഴ തീരസംരക്ഷണം - ലക്ഷ്യം കൈവരിച്ചില്ല. | 1-18 |
| 36 | 'ടേക്ക് എ ബ്രേക്ക് '- നടത്തിപ്പ് വ്യവസ്ഥകളിൽ സുതാര്യതയില്ല | 1-19 |
| 37 | തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല | 1-20 |
| 38 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം സംബന്ധിച്ച് | 1-21 |
| 39 | ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല | 1-22 |
| 40 | അമൃതം ന്യൂട്രിമിക്സ് ബില്ല് - സ്രോതസിൽ നിന്നും ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-23 |
| 41 | നിർമ്മാണ പ്രവൃത്തികളുടെ ഇൻഷ്വറൻസ് - നടപടികളിൽ അവ്യക്തത | 1-24 |
| 42 | നിയമ വിരുദ്ധമായ നിർമ്മാണം - ആയുർവേദ ഡിസ്പെൻസറി കെട്ടിടം ഉപയോഗിക്കാനായില്ല- 2516595/-രൂപയുടെ പാഴ്ചെലവ് | 1-25 |
| 43 | സിംഗിൾ ടെണ്ടർ നിരസിച്ചതും മറ്റപാകതകളും | 1-26 |
| 44 | കാലിത്തീറ്റ സബ്സിഡി - ക്ഷീരോത്പാദക സംഘങ്ങൾക്ക് അധിക നിരക്കിൽ തുക നൽകി -പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് | 1-27 |
| 45 | പാലിയേറ്റീവ് കെയർ-രേഖകൾ സൂക്ഷിപ്പിലെയും പി.എം.സി യോഗം ചേരുന്നതിലെയും അപാകതകൾ | 1-28 |
| 46 | പകൽ വീട് , ബഡ്സ് സ്കൂൾ എന്നീ സ്ഥാപനങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ - പഞ്ചായത്തിന് അധിക ചെലവ് | 1 -29 |
| 47 | പകൽവീട് തുടർപ്രവർത്തനത്തിലെ അപാകത | 1-30 |

| | | |
|---|---|---|
| 48 | ബയോഫാർമസി - പ്രവർത്തിക്കുന്നില്ല | 1-31 |
| 49 | മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല | 1-32 |
| 50 | കാർഷികോൽപ്പന്ന സംഭരണ സംസ്കരണ മൂല്യവർദ്ധിത യൂണിറ്റ് - പദ്ധതി നടപ്പിലാക്കിയതിലെ അപാകത | 1-33 |
| 51 | കാർഷിക കർമ്മസേനയ്ക്ക് റിവോൾവിംഗ് ഫണ്ട്-പദ്ധതി പണം നിർജ്ജീവമായി സംയുക്ത അക്കൗണ്ടിൽ സൂക്ഷിക്കുന്നു. | 1-34 |
| 52 | ഡ്രൈനേജുകളുടെ നിർമ്മാണത്തിൽ ഇനങ്ങൾ തെരെഞ്ഞെടുത്തതിലെ അപാകത | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കാലിത്തീറ്റ സബ്സിഡി - ക്ഷീരോത്പാദക സംഘങ്ങൾക്ക് അധിക നിരക്കിൽ തുക നൽകി -പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 123 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 07/07/23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022 - 23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-2 കഴിഞ്ഞവർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നിക്കീയിരിപ്പ് തൻവർഷത്തെ

മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

2021 – 22 വർഷത്തെ വാർഷിക കണക്ക് ഷെഡ്യൂൾ B-17 പ്രകാരമുള്ള നീക്കിയിരിപ്പും, തൻവർഷത്തെ (2022-23) വർഷത്തെ മുന്നിരിപ്പും RP -40 (A) പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് നമ്പർ | 2021 – 22 വർഷത്തെ വാർഷിക കണക്ക് ഷെഡ്യൂൾ B-17 പ്രകാരമുള്ള നീക്കിബാക്കി | 2022-23 വർഷത്തെ മുന്നിരിപ്പ് വാർഷിക കണക്ക് ഷെഡ്യൂൾ RP-40 (A) പ്രകാരം | വ്യത്യാസം |
|---|---|---|---|
| E-payment 67391053888 | 20,08,432 | 20,08,437 | 5 രൂപ കൂടുതൽ |
| KGB LIFE -40631101046027 | 1,34,956 | 1,33,967 | 989 രൂപ കുറവ് |

1-1-3 21 -22 വർഷത്തെ നിക്കീയിരിപ്പ് ട്രയൽബാലൻസിൽ തൻവർഷം മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടില്ല.

| അക്കൌണ്ട് ഹെഡ് | ഇനം | തുക |
|---|---|---|
| 415120102 | Building - Others | 2,69,78,315 |
| 415120009 | Movable Assests -Furniture, Fixtures, Fittings & Electrical Appliances | 40,79,103 |
| | Total | 3,10,57,418 |

1-1-4 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ്-ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-5 ഉദ്ദേശം പ്രതിഫലിക്കുന്ന ഹെഡിൽ വരവ് ബുക്ക് ചെയ്തിട്ടില്ല.

ഉദാഹരണം – A) ലേല ഡെപ്പോസിറ്റ് തുക സപ്ലെയേർസ് ഇ.എം.ഡി ഹെഡിൽ രസീത് ചെയ്തു ( രസീത് നമ്പർ - 1221402173/27/03/23)

B) Audit Recovery തുക - 3959/- രൂപ ( 12201022009/16/7/22 Para -1-13 2020 -21 Audit Report)

തുക വരവ് വെച്ചത് Prior Period Income -Other Income എന്ന ഹെഡിൽ ഉൾപ്പെടുത്തി

C) Audit Recovery തുക - 103360/- രൂപ ( 12201022013/16/7/22 തുക വരവ് വെച്ചത് Prior Period

Income - Property Tax എന്ന ഹെഡിൽ ഉൾപ്പെടുത്തി .

1-1-6 എല്ലാ ബാങ്കിന്റെയും റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.

ഉദാഃ എസ്.ബി.ഐ. E – PAYMENT (67391053888)

1-1-7 ചെക്ക് ഇഷ്യൂ ചെയ്ത് 3 മാസം കഴിഞ്ഞിട്ടും പിൻവലിക്കാത്ത തുകകൾ Stale ചെക്ക് ഹെഡിലേക്ക് മാറ്റിയിട്ടല്ല

ചെക്ക് ഇഷ്യൂ ചെയ്ത് 3 മാസം കഴിഞ്ഞിട്ടും പിൻവലിക്കാത്ത തുകകൾ Stale Cheque ഹെഡിലേക്ക് മാറ്റിയിട്ടില്ല ( അക്കൌണ്ട് നമ്പർ 40631101035119 )

| Date | Instrument No | Amount |
|---|---|---|
| 16/06/22 | 10485 | 172 |
| 09/06/22 | 10490 | 530 |
| 28/06/22 | 10523 | 500 |
| 06/05/22 | 10192 | 1450 |
| 25/08/22 | 10910 | 7000+ 5000 |
| 11/08/22 | 10714 | 5347+5347 |
| 11/11/22 | 11262 | 2700 |
| 17/10/22 | 11238 | 675 |
| 26/11/22 | 12780 | 2500 |
| 15.12.22 | 12803 | 500 |

1-1-8 ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ തുക പിൻവലിച്ചു

A.കേരള ബാങ്കിലെ തനത് ഫണ്ട് അക്കൌണ്ടിന്റെ (40631101035119) 01.04.2022 മുതൽ 31.03.2023 വരെയുള്ള ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധനയിൽ ബാങ്ക് ബുക്കിൽ രേഖപ്പെടുത്താത്ത താഴെപറയുന്ന പിൻവലിക്കലുകൾ കണ്ടെത്തിയിട്ടുണ്ട്.

| Date | Instrument No | Amount |
|---|---|---|
| 27/04/2022 | 10130 | 1,410 |
| 28/04/22 | 10128 | 2,457 |
| 28/04/22 | 9866 | 200 |
| 28/04/22 | 9700 | 7,854 |
| 28/04/22 | 10127 | 2,550 |
| 29/4/22 | 10126 | 3,960 |
| 07/05/22 | 9694 | 393 |

| | | |
|---|---|---|
| 17/05/22 | 10131 | 2,820 |
| 18/05/22 | 10132 | 1,250 |
| 08/06/22 | 10129 | 1,200 |
| 22/06/22 | 10508 | 3,150 |
| 06/07/22 | 10564 | 6,600 |
| 23/12/22 | 12802 | 900 |
| 12/01/23 | 11505 | 4,000 |
| 02/02/23 | 11598 | 42,116 |
| 02/03/23 | 4622 | 2,300 |
| 06/03/23 | 11619 | 4,000 |
| 15/03/23 | 12002 | 1,280 |

മേൽ പിൻവലിക്കലുകളുടെ ഉദ്ദേശ്യം ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നില്ല.

B.കേരള ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ (40631101035119) 01.04.2022 മുതൽ 31.03.2023 വരെയുള്ള ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധനയിൽ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയ തുകയും, പിൻവലിക്കപ്പെട്ട തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

| Date | Instrument No | BANK BOOK Amount | BANK STATEMENT Amount |
|---|---|---|---|
| 17/06/22 | 10151 | 17,552 | 17,564 |
| 01/07/22 | 10555 | 12,800 | 19,100 |
| 04/07/22 | 10560 | 6,600 | 18,120 |
| 09/01/23 | 11541 | 532 | 2128 |
| 01/02/23 | 11597 | 14,199 | 30,955 |
| 30/01/23 | 11590 | 4,000 | 500 |
| 01/02/23 | 11595 | 27,765+3,190 | 5,000 |
| 01/02/23 | 11596 | 21,058+21,058 | 4,470 |

മാർച്ച് മാസത്തെ റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ 31.03.2023 ലെ ബാങ്ക് പാസ്സ്ബുക്ക് നിക്കീയിരിപ്പും യഥാർത്ഥത്തിൽ ബാങ്ക്പാസ്സ് ബുക്ക് നിക്കീയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.

| യഥാർത്ഥത്തിൽ ബാങ്ക്പാസ്സ് ബുക്ക് നിക്കീയിരിപ്പ് | റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക്പാസ്സ് ബുക്ക് നിക്കീയിരിപ്പ് | വ്യത്യാസം |
|---|---|---|
| 17889921.82 | 17574618 | 315303.82 |

തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയതിനാൽ ക്രമക്കേടിന് സാധ്യത കാണുന്നു. 2 ആഴ്ചയ്ക്കുള്ളിൽ മേൽ അപാകത പരിശോധിച്ച് ഉറപ്പ് വരുത്തി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2023 മാർച്ച് മാസത്തെ മേൽ പ്രതിപാദിച്ച ബാങ്ക് അക്കൗണ്ടിന്റെ റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Debited By Bank എന്ന ശീർഷകത്തിൽ തുകകളൊന്നും ക്രമീകരിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. ബാങ്ക് ബുക്കിൽ രേഖപ്പെടുത്താതെ ബാങ്ക് അക്കൗണ്ടിൽ നിന്ന് തുകകൾ പിൻവലിച്ചതിന് ആധാരമായ രേഖകൾ സഹിതം മേൽ പ്രതിപാദിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

1-1-9 വാർഷിക ധനകാര്യ പത്രികയിലെ തുകയും പെർമിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

കെട്ടിട പെർമിറ്റ് ഫീയിനത്തിൽ 2022-23 വർഷത്തെ വരവ് തുക വാർഷിക ധനകാര്യ പത്രികയിലും രജിസ്റ്ററിലും താഴെപറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം RP -3 | പെർമിറ്റ് രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| കെട്ടിട പെർമിറ്റ് ഫീ | 5,42,161 | 5,29,037 | 13,124 |

1-1-10 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ഉദാഹരണം - ഡെപ്പോസിറ്റ് രജിസ്റ്റർ ,അഡ്വാൻസ് രജിസ്റ്റർ , ആസ്തി രജിസ്റ്റർ

1-1-11 ഡിമാന്റ് എൻട്രി കൃത്യമായി രേഖപ്പെടുത്തുന്നില്ല

നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022 - 23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം

സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ "110100101-Property Tax On Residential Buiding" എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022 - 23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 01/04/22 മുതൽ 31/03/2023 വരെ അസ്സസ്സ് ചെയ്യപ്പെടുന്ന കെട്ടിടങ്ങളുടെ ഡിമാന്റ് തുക 5 തവണയായി ( 01.12.22, 25.11.22, 28.01.23, 3.02.23, 31/03/2023) മാത്രം രേഖപ്പെടുത്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നു തന്നെ സാംഖ്യ കണക്കുകളിലെ എൻട്രികളിലെ തുകകളിൽ പിന്നീട് എഡിറ്റിംഗ് വരുത്തി ഡി.സി.ബി-യുമായി പൊരുത്തപ്പെടുത്തുന്ന നിയമവിധേയമല്ലാത്ത രീതിയാണ് പഞ്ചായത്തിൽ സ്വീകരിച്ചതെന്ന് കാണാം. ഇത് ഒഴിവാക്കേണ്ടതാണ്.

1-1-12 പ്രതിമാസപൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. Eg. വസ്തുനികുതി, ലൈസൻസ്

1-1-13 ചെലവ് പത്രികയിലെ ആകെ ചെലവും വാർഷിക കണക്കിലെ ആകെ ചെലവും പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ചെലവ് പത്രിക | വാർഷിക കണക്ക് (ഷെഡ്യൂൾ I – 6+ B -3) | വ്യത്യാസം |
|---|---|---|---|
| Development Fund (General) | 2,03,35,007 | 2,04,45,000 (19989332+455668) | 1,09,993 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് +അൺടൈഡ് | 55,32,989 | 54,76,704 (1112043+2143085+ 1981483+240093) | 56,285 |

1-1-14 യഥാർത്ഥത്തിൽ ചെലവഴിക്കാത്ത തുകകൾ എ.സി.ആർ പ്രകാരം ചെലവായി കാണിച്ചു.

ധനകാര്യ കമ്മീഷൻ Untied ഗ്രാന്റിൽ യഥാർത്ഥത്തിൽ ചെലവഴിക്കാത്ത തുകകളും എ.സി.ആർ പ്രകാരം ചെലവായി കാണിച്ചു.

( പ്രോജക്ട് - 240/23 - 299601/-, പ്രോജക്ട് - 164/23 - 30000/-, പ്രോജക്ട് - 180/23 - 50000/-)

1-1-15 . ബാദ്ധ്യത ഹെഡിൽ നിക്കീയിരിപ്പുള്ള തുകകൾ സർക്കാരിലേക്ക് തിരിച്ചടവാക്കിയില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.9 പ്രകാരം നിക്കീയിരിപ്പുള്ള തുകകൾ സർക്കാരിലേക്ക് തിരിച്ചടവാക്കിയില്ല. തുകകളുടെ വിവരം താഴെ കൊടുക്കുന്നു.

ലൈബ്രറി സെസ്സ് - 308329/- രൂപ

റോയൽറ്റി - 838440/- രൂപ

Unutilized Grant – 35252/- രൂപ

1-1-16 റിഡംപ്ഷൻ ഇനത്തിൽ ലഭ്യമാവാനുള്ള തുക പൂർണ്ണമായും തിരികെ ലഭിച്ചില്ല

വാർഷിക കണക്ക് B-15 ഷെഡ്യൂൾ പ്രകാരം റിഡംപ്ഷൻ ഇനത്തിൽ ലഭ്യമാവാനുള്ള തുകയായി കാണിച്ചത് 82,44,019/- രൂപയാണ്. തിരികെ ലഭിച്ചത് 76,39,733/- രൂപ. വ്യത്യാസം 6,04,286/- രൂപ.

1-1-17 ചെലവ് പത്രികയിൽ ചെലവ് കാണിച്ചില്ല

A)യഥാർത്ഥത്തിൽ തുക ചെലവഴിച്ചിട്ടും ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്തിയില്ല. (കേരളോൽത്സവത്തിനായി തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക - 113886/-ചെക്ക് നമ്പർ -9627142/21.2.23) ഖണ്ഡിക 1-17 കാണുക.

1 -2 ബഡ്ജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022 -23 വർഷത്തെ ബജറ്റ് 23/03/2022ലെ 1-ാം നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 20/03/2023ലെ 1/45 -ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

| | ബഡ്ജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം | |
|---|---|---|---|
| മുന്നിരിപ്പ് | 75,67,182 | 2,08,46,945 | 1,32,79,763 (കൂടുതൽ ) |
| വരവ് | 18,76,27,070 | 5,52,27,527 | 13,23,99,543 (കുറവ്) |
| ആകെ | 19,51,94,252 | 7,60,74,472 | 11,91,19,780 (കുറവ്) |
| ചെലവ് | 19,27,51,400 | 4,57,18,675 | 14,70,32,725 (കുറവ്) |
| നീക്കിയിരിപ്പ് | 24,42,852 | 3,03,55,797 | 2,79,12,945 (കൂടുതൽ ) |

2. പ്രധാനപ്പെട്ട ബജറ്റ് രേഖകൾ തയ്യാറാക്കിയില്ല

മാന്വൽ പ്രകാരം താഴെ കൊടുത്ത രേഖകൾ ബജറ്റിനൊപ്പം തയ്യാറാക്കേണ്ടതാണ്.

എ) ബജറ്റ് നോട്ട്

ബി) ബജറ്റ് സ്പീച്ച്

സി) ജന്റർ ബജറ്റ്

ഡി) പെർഫോമൻസ് ബജറ്റ്

എന്നാൽ ഇവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബജറ്റ് രൂപീകരണത്തിലും പരിപാലനത്തിലുമുള്ള അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും വരും വർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

1-3 സാമ്പത്തിക വിശകലനം (രസീത് ആന്റ് പേയ് മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,08,46,945 |
| വരവ് | 5,52,27,527 |
| ആകെ | 7,60,74,472 |
| ചെലവ് | 4,57,18,675 |
| നീക്കിയിരിപ്പ് | 3,03,55,797 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നഷ്ടപ്പെട്ട / നീക്കിയിരിപ്പുള്ള തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | | | 1,83,47,120 | 1,83,47,120 | 1,83,47,120 | 0 |
| വികസനഫണ്ട്- എസ്.സി.പി | | | 45,28,294 | 45,28,294 | 45,28,294 | 0 |
| മെയിന്റനൻസ്, റോഡ് | | | 5580000 | 5580000 | 5580000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | | | 55,14,000 | 55,14,000 | 55,14,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് ഗ്രാന്റ്), | ട്രഷറി | 0 | 1,69,919 | 1,69,919 | 6,745 | 1,63,174 |
| | ബാങ്ക് | 11,05,298 | 53,33,000 | 64,38,298 | 32,48,383 | 31,89,915 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ് ഗ്രാന്റ്), | ബാങ്ക് | 0 | 36,96,065 | 36,96,065 | 22,21,576 | 14,74,489 |

കുറിപ്പ് - അൺടൈഡ് ഗ്രാന്റിൽ യഥാർത്ഥത്തിൽ ചെലവഴിക്കാത്ത തുക (299601 + 30000 + 50000 = 379601/- രൂപ) എ.സി.ആർ പ്രകാരം ചെലവായി കാണിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് തൻവർഷം ലഭിച്ച വികസനഫണ്ടിന്റെ യഥാർത്ഥ വിവരം (ജി.ഒ പ്രോജക്ട് ഉൾപ്പെടെ)

| ഫണ്ടിനം | സർക്കാർ ബഡ്ജറ്റ് അനുബന്ധം IV പ്രകാരം | എ.സി.ആർ വരവ് | ജി.ഓ പ്രോജക്ട് | ആകെ | ചെലവ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 2,04,45,000 | 1,83,47,120 | 20,97,880 | 2,04,45,000 | 2,04,45,000 |
| വികസനഫണ്ട്- എസ്.സി.പി | 51,31,000 | 45,28,294 | 6,02,706 | 51,31,000 | 51,31,000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 199 | 10,26,76,770 | 172 | 6,16,57,410 | 27 | 86.43 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 16 | 15 | 3826687 | 3461087 | 90.44 |
| വെറ്ററിനറി സർജൻ | 9 | 8 | 2248,600 | 16,98,600 | 75.54 |
| മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 11 | 9 | 37,14,233 | 34,28,474 | 92.30 |
| മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 4 | 4 | 10,79,410 | 10,72,727 | 99.38 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 1 | 8 | 7 | 1,57,49,240 | 90,03,999 | 57.17 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18 | 17 | 89,89,777 | 79,26,771 | 88.17 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 68 | 57 | 2,28,12,262 | 1,34,65,102 | 59.25 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 30,26,000 | 29,60,718 | 97.84 |
| സെക്രട്ടറി | 40 | 32 | 2,42,68,327 | 91,99,476 | 37.90 |
| അസി.സെക്രട്ടറി | 8 | 8 | 24,53,734 | 22,09,346 | 90.04 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 2 | 8 | 7 | 1,25,20,117 | 56,69,185 | 45.28 |
| ഹെഡ്മാസ്റ്റർ | 6 | 5 | 18,68,383 | 15,38,383 | 82.33 |
| ഫിഷറീസ് എകസ്റ്റൻഷൻ ഓഫീസർ | 1 | 1 | 1,20,000 | 23,542 | 19.61 |
| | 199 | 172 | 10,26,76,770 | 6,16,57,410 | 60.05 |

കുറിപ്പ് - തനത് ഫണ്ടിൽ നിന്നും കേരളോൽത്സവം പദ്ധതിയ്ക്കായി ചെലവഴിച്ച 1,18,836/-രൂപ ചെലവ് പത്രികയിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല. ചെലവ് പത്രിക പ്രകാരമുള്ള വിവരമാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി | 3,279,700 | |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവ പെൻഷൻ | 13,576,200 | |
| വാർദ്ധക്യകാലപെൻഷൻ | 28,941,400 | |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,322,400 | |
| വികലാംഗ പെൻഷൻ | 4,101,400 | |
| വിധവകളുടെ പെൺമക്കളുടെ ധനസഹായം | 90,000 | 3 |

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-11-2023 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,712/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

9-12-21 ലെ എ 28/2021 ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ എല്ലാ ഉത്തരവാദിത്വങ്ങളും ജീവനക്കാർക്ക് കൃത്യമായി വിഭജിച്ച നൽകിക്കൊണ്ടുള്ള സമഗ്രമായ ഒരു ഓഫീസ് ഉത്തരവ് തയ്യാറാക്കി ജോലി പുനക്രമീകരിച്ച് നൽകിയിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗ് നടത്തി ഓരോ മാസവും പഞ്ചായത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളും ഇതുവരെ ചെയ്ത പ്രവർത്തന പുരോഗതിയും വിലയിരുത്തുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ 1-4-22, 16-5-22, 3-6-22, 1-7-22, 10-8-22, 3-8-22, 27-9-22, 11-10-22, 5-012-22, 14-1-22, 24-1-22, 15-2-23, 21-6-22, 24-6-22, 16-9-22, 1-3-23 എന്നിങ്ങനെ 13 തവണയായി ഓഫീസ് മീറ്റിംഗ് നടത്തിയിട്ടുണ്ട്. വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന നടത്തി കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അപാകതകൾക്കായി ഖ- 1-20 കാണുക.

പഞ്ചായത്തിന്റെ മുൻകാല പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തിയപ്പോൾ നിയമവിരുദ്ധമായ നിർമ്മാണങ്ങൾ പഞ്ചായത്ത് തന്നെ നടത്തിയതിനാൽ ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച ആസ്തികൾ ഉപയോഗിക്കാൻ സാധിക്കാത്ത രീതിയിൽ വ്യവഹാരങ്ങൾക്ക് ഇടയാക്കിയതായി ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണം :- ആയുർവേദ ആശുപത്രി കെട്ടിടം, കണ്ണം ചിന്നം പാലം അങ്കണവാടി. ഇതിൽ കണ്ണം ചിന്നം പാലം അങ്കണവാടി 2019-20 വർഷം ബ്ളോക്ക് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തതാണെങ്കിലും 8-11-2023 ന് നടത്തിയ സ്ഥല പരിശോധനയിൽ മാമ്പുഴയോട് ചേർന്ന് 2 മീറ്റർ പോലും അകലം പാലിക്കാതെയാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്ന് കണ്ടു. ആയതിനാൽ തന്നെ നിലവിലും വ്യവഹാരം നടക്കുന്നതിനാൽ ഇത് ഇപ്പോഴും ഉപയോഗിക്കാൻ പറ്റാതെ നിഷ്ക്രിയ ആസ്തിയായി തുടരുകയാണ്. ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച ആയുർവേദ ആശുപത്രിയും വ്യവഹാരങ്ങൾ നടക്കുന്നതിനാൽ നിലവിൽ ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണ്. ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾക്കായി ഖ- 1-25 കാണുക.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കാൻ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

1-9 ടാക്സ് ഓഡിറ്റ്

കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 200, 203, 204 അനുബന്ധ ചട്ടങ്ങൾ എന്നിവ പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, സേവന ഉപനികുതി എന്നിവ ഈടാക്കുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. പഞ്ചായത്തുകളുടെ പ്രധാന വരുമാനമാർഗ്ഗങ്ങളാണ് നികുതി വരവുകളായ വസ്തു നികുതി , തൊഴിൽ നികുതി, സേവന ഉപനികുതി , വിനോദ നികുതി എന്നിവ.

വസ്തുനികുതി പരിഷ്കരണം 2022-23

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, കേരള സർക്കാറിന്റെ 22.03.2023ലെ സ.ഉ.(കൈ) നമ്പർ 77/2023/എൽ.എസ്.ജി.ഡി പ്രകാരം 2023-24 മുതൽ നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുതുക്കി നിശ്ചയിക്കുന്നതിനും കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 05/04/2023 ലെ സ.ഉ.(അച്ചടി) 25/2023 എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപന പ്രകാരവും 12.05.2023 ലെ 70/01 ഭരണ സമിതി തീരുമാന പ്രകാരവും പെരുമണ്ണ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 01/04/2023 മുതൽ നിലവിലുള്ള വസ്തുനികുതി, സേവന ഉപനികുതി പുതുക്കി നിശ്ചയിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധികൾക്ക് വിധേയമായി അടിസ്ഥാന വസ്തുനികുതി നിരക്കുകൾ താൽക്കാലികമായി നിശ്ചയിച്ച് ടി കരട് വിജ്ഞാപനം ചെയ്തു. നോട്ടീസ് തിയതി മുതൽ നിശ്ചിത സമയപരിധിക്കകം ലഭിച്ച ആക്ഷേപങ്ങൾ പരിഗണിച്ച ശേഷം പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 16/09/2023 ലെ 162/23 നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ച് 23/09/2023 ൽ അന്തിമ വിജ്ഞാപനം ചെയ്തു

വസ്തുനികുതി

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളാക്കി തിരിച്ചിട്ടുണ്ട്. ദ്വിതീയമേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാനവസ്തുനികുതി നിരക്കിൽ പത്തുശതമാനവും തൃതീയ മേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാനവസ്തുനികുതി നിരക്കിൽ ഇരുപത് ശതമാനവും ഇളവ് നൽകി വരുന്നു. ഗ്രാമപഞ്ചായത്തിലെ റോഡുകളെ വീതിയുടെ അടിസ്ഥാനത്തിൽ അഞ്ചു മീറ്ററിൽ കൂടുതൽ ഉള്ളവ, ഒന്നര മീറ്ററിനും അഞ്ചു മീറ്ററിനും ഇടയിലുള്ളവ ഒന്നര മീറ്ററിൽ താഴെ ഉള്ളവ എന്നിങ്ങനെ തരം തിരിക്കുകയും കെട്ടിടങ്ങളുടെ സമീപത്തുള്ള റോഡിനനുസരിച്ച് വസ്തു നികുതിയിൽ വർദ്ധനവ്/ഇളവ് നൽകി വരികയും ചെയ്യുന്നു. എന്നാൽ വസ്തുനികുതി നിർണയത്തിലുള്ള അപാകതകൾ നികുതി വരവ് കുറയുന്നതിന് ഇടയാക്കുന്നു. മേഖല, റോഡുകളുടെ വീതി എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചതിലെ അപാകതകൾ ഖണ്ഡിക 1-11 ൽ ചേർത്തിട്ടുണ്ട്.

തൊഴിൽ നികുതി

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിലെ തൊഴിൽ നികുതിപിരിവ് പൂർണമല്ല എന്നു കാണുന്നു. പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ ബിസിനസിലോ ഉദ്യോഗത്തിലോ ഏർപ്പെട്ടിരിക്കുന്നവരുടെയും മറ്റേതെങ്കിലും ആദായം ലഭിക്കുന്നവരുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ്-204)

എന്നാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പഞ്ചായത്തിന്റെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ ഖണ്ഡിക 1-10 ൽ ചേർത്തിട്ടുണ്ട്.

ലൈസൻസ് വരവ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

ലൈസൻസ് എടുക്കുന്ന വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്ന രീതിയാണ് പഞ്ചായത്തിൽ നിലവിലുള്ളത് എന്നതിനാൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ലൈസൻസ് ഫീ ഇനത്തിലും തൊഴിൽ നികുതിയിനത്തിലും വരുമാനനഷ്ടം ഉണ്ടാകുന്നതിന് ഇടയാക്കുന്നു. ട്രേഡേഴ്സ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 805 കെട്ടിടങ്ങളെ ഉൾപ്പെടുത്തി 668 ലൈസൻസുകൾ 2022-23 വർഷത്തിൽ നൽകിയിട്ടുണ്ട്, വാണിജ്യാവശ്യങ്ങൾക്ക് നികുതി നിർണ്ണയിച്ച് നൽകിയ 2603 കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്, ആയതിനാൽ പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനില്ക്കുന്നു.

ഓഡിറ്റ് നിർദേശങ്ങൾ

1. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം-21പ്രകാരം, ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങൾ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്. അത്തരം പരിശോധനയിൽ തറനിർമ്മിതിയിൽ വരുത്തിയ മാറ്റങ്ങൾ, കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനം ഏർപ്പെടുത്തൽ എന്നിവ കണ്ടെത്താവുന്നതും അതിന്റെ അടിസ്ഥാനത്തിൽ നികുതി പുനർ നിർണ്ണയിക്കുകയും ചെയ്യാവുന്നതാണ്.

3.പഞ്ചായത്ത് പരിധിയിലുള്ള ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെക്കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. പഞ്ചായത്ത് നൽകിവരുന്ന സേവനങ്ങൾക്കനുസരിച്ച് കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 27 ൽ പറഞ്ഞ നിരക്കിൽ സേവന ഉപനികുതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

1-10 തൊഴിൽ നികുതി - അപാകതകൾ

(I)മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. 2022-23 സാമ്പത്തിക വർഷം പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ശ്രീ. മുഹമ്മദ് അജ്മൽ നൂഹ്, രാമച്ചംമണ്ണിൽ, പെരുമണ്ണ

2) ശ്രീ. ഷജീഷ് കുമാർ.കെ, കൊണക്കത്ത് പുത്തൂർമഠം, കോഴിക്കോട്

3) ശ്രീ. ശ്രീനിവാസൻ.കെ, കന്നിടത്തിൽ, പാലാഴി

4) ശ്രീ. അബ്ദുൾ ഹസൻ.ടി.കെ, തെക്കേകരത്ത്, പുളിക്കൽതാഴം, പെരുമണ്ണ

5) ശ്രീ. ഗോപാലകൃഷ്ണൻ.എം.എൻ, മേലെ നടുവത്തറ, പുളിക്കൽതാഴം, പെരുമണ്ണ

6) ശ്രീ. അഹമ്മദ് ജിഷാദ്.എ.എ, ഇർഷാദ് കോട്ടേജ്, ചേറ്റൂർ , കാസർഗോഡ്

7) ശ്രീമതി. അഞ്ജലി.പി, നിസരി, നല്ലൂർ, ഫറോക്ക്

ii)അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, പെരുമണ്ണ

2) ഗ്രാന്റ് പോളിപെറ്റ്, പുളിക്കൽതാഴം, പെരുമണ്ണ

3) ക്രിസ്റ്റൽ പോളിപാക്ക്, പുളിക്കൽതാഴം

4) റാപ്ച്വർ ഇന്ത്യ ഫുട്ട് കെയർ, പെരുമണ്ണ

5) നവകേരളം ഫൂട്ട് കെയർ പ്രൈവറ്റ് ലിമിറ്റഡ്

6) പെരുമണ്ണ കോപ്പറ്റീവ് അഗ്രികൾച്ചറൽ ഡെവലപ്പ്മെന്റ് സൊസൈറ്റി

സഞ്ചയ അസസ്സ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 2603 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 83 ആണ്. അതായത് 2520 കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കപ്പെടുത്തുന്നുണ്ടെന്ന് കാണാം. ഓഡിറ്റ് വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 668 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ഡി & ഒ ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 805 ആണ്. അതായത് അവശേഷിക്കുന്ന 1715 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/22-23, തീയതി - 09.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-11 വസ്തു നികുതി ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയിച്ച് നൽകി

1. കെട്ടിട നമ്പർ 17/70 B

പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ വാർഡ് 17 ൽ പെരുമണ്ണ വില്ലേജിൽ 128/97 സർവ്വെ നമ്പറിൽപ്പെട്ട 6.9 ആർസ് സ്ഥലത്ത് ശ്രീമതി. മിന വിജയ്, അനശ്വര പന്തീരാങ്കാവ് എന്നവരുടെ ഉടമസ്ഥതയിൽ നിർമ്മിച്ച 357.54 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് നമ്പർ അനുവദിച്ച് 2022 ഒന്നാം അർദ്ധവർഷം മുതൽ നികുതി ഈടാക്കിയിട്ടുണ്ട്,

ഫയൽ പരിശോധിച്ചതിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി കണക്കാക്കിയതിൽ അപാകതയുള്ളതായി കാണുന്നു, പറശ്ശേരിത്താഴം വള്ളിക്കുന്ന് റോഡിന്റെ വീതി കംപ്ലീഷൻ പ്ലാൻ പ്രകാരം 2.70 മീറ്ററും സഞ്ചയ ഫോം.6 പ്രകാരം 1.5 മീറ്ററോ അതിൽ കുറവ് എന്നുമാണ്,

വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചതിൽ അടിസ്ഥാന വസ്തുനികുതിയിൻമേൽ 10% ഇളവ് നൽകിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പാലിക്കാതെ അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായതിൽ കൂടുതൽ ഇളവ് നൽകി നികുതി നിർണ്ണയിച്ചതിനാൽ ഈടാക്കിയ വസ്തുനികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-12 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല

പെരുമണ്ണ പഞ്ചായത്തിൽ വാർഡ് 4 ൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറിന്റെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുക ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര്/ ഉടമയുടെ മേൽവിലാസം (സഞ്ചയ പ്രകാരം) | ഈടാക്കാൻ അവശേഷിക്കുന്ന തുക (രൂപ) |
|---|---|---|
| 04/138/A | കെ. ഗോപകുമാർ, റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്, കലൂർ, കൊച്ചി | 2013-14 ആദ്യ അർദ്ധ വർഷം മുതൽ 2017-18 രണ്ടാം അർദ്ധ വർഷം വരെ, 2020-21 ആദ്യ അർദ്ധ വർഷം മുതൽ 2022-23 രണ്ടാം അർദ്ധ വർഷം വരെ, 2022-23 വരെ 176,417/- |
| | ആകെ | 176,417/- |

വസ്തുനികുതി അടവാക്കാത്തതിനാൽ കെ. ഗോപകുമാർ, റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്, കലൂർ, കൊച്ചി എന്നവർക്കെതിരെ 29/03/2018 ന് പ്രോസിക്യൂഷൻ നടപടി സ്വീരിച്ചിട്ടുണ്ട്. 2018-19 ആദ്യ അർദ്ധ വർഷം മുതൽ 2019-20 രണ്ടാം അർദ്ധ വർഷം വരെയുള്ള വസ്തു നികുതി 20/02/2020 ൽ 1190104/01 നമ്പർ രസീതി പ്രകാരം 52973/- രൂപ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2013-14 ആദ്യ അർദ്ധ വർഷം മുതൽ വസ്തുനികുതി അടവാക്കാൻ അവശേഷിക്കുമ്പോൾ 2018-19, 2019-20 വർഷത്തെ നികുതി അടവാക്കിയപ്പോൾ പഞ്ചായത്ത് ആയത് മാത്രം ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

പ്രോസിക്യൂഷൻ നടപടികൾ തീർപ്പാകുന്ന പക്ഷം വസ്തുനികുതി ഈടാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-13 നിബന്ധനകൾ പാലിക്കാതെ വ്യത്യസ്ത നിരക്കിൽ ലേലം/ക്വട്ടേഷൻ തുക ഈടാക്കുന്നു

പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ ലേലഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു. ബസ് സ്റ്റാന്റ് ഫീസ് ലേല തുകയും ജി.എസ്.ടിയും പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ മുളപ്പുറം കടവ് ജങ്കാർ സർവ്വീസ്, മാമ്പുഴ തീരത്തെ വൃക്ഷ മേലനുഭവം എടുക്കൽ, സബ് സെന്ററിനടുത്തുള്ള മണ്ണ് നീക്കം ചെയ്യൽ എന്നിവയിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് പഞ്ചായത്ത് ഈടാക്കിയത്

ബസ് സ്റ്റാന്റ് ഫീസ് ഒഴികെ മറ്റ് ലേലം/ക്വട്ടേഷൻ ഇനങ്ങളുടെ കാര്യത്തിൽ ലേലം/ക്വട്ടേഷൻ തുകയുടെ 18% ജി.എസ്.ടി. ഈടാക്കി ലേലം/ക്വട്ടേഷൻ തുകയിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ട്. ഇപ്രകാരം കണക്കാക്കിയതിനാൽ വ്യത്യസ്ത രീതിയിൽ ലേലം/ക്വട്ടേഷൻ തുക അടവാക്കിയതായി കാണുന്നു. ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. ബസ് സ്റ്റാന്റ് ഫീസ് പിരിവ്

| | |
|---|---|
| ലേലം എടുത്ത വ്യക്തി | എ.പി. മമ്മദ്കോയ |
| ലേല തുക | 157,500 |
| CGST | 14,175 |
| SGST | 14,175 |
| ആകെ | 185,850 |

ബസ് സ്റ്റാന്റ് ഫീസ് ലേല തുകയും ജി.എസ്.ടിയും ഉൾപ്പെടെ 185,850/- (157500 + 28350) പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്

2. മുളപ്പുറം കടവ് ജങ്കാർ സർവ്വീസ്

| ലേലം എടുത്ത വ്യക്തി | മുജീബ് റഹ്മാൻ | | |
|---|---|---|---|
| | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | വ്യത്യാസം |
| ലേല തുക | 5,000 | 4,100 | 900 |
| CGST | 450 | 450 | - |
| SGST | 450 | 450 | - |
| ആകെ | 5,900 | 5,000 | 900 |

ലേല തുകയായി 900/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു

3. പയ്യടിമീത്തൽ GLPS, ശിശുമന്ദിരം എന്നിവിടങ്ങളിലെ തെങ്ങുകളിൽ നിന്നുള്ള മേലാദായം

| ലേലം എടുത്ത വ്യക്തി | ഉണ്ണികൃഷ്ണൻ | | |
|---|---|---|---|
| | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | വ്യത്യാസം |
| ലേല തുക | 7,010 | 7,010 | - |
| CGST | 631 | - | 631 |
| SGST | 631 | - | 631 |
| ആകെ | 8,272 | 7,010 | 1,262 |

ജി.എസ്.ടി ഇനത്തിൽ 1262 രൂപ ഈടാക്കാൻ അവശേഷിക്കുന്നു

4. മാമ്പുഴ തീരത്തെ വൃക്ഷ മേലനുഭവം എടുക്കൽ

എ.വി. ആലിക്കോയ എന്നവർക്ക് 145,786/- രൂപയ്ക്ക് 2 വർഷ കാലയളവിലേക്ക് നല്കിയിട്ടുണ്ട്.

| ക്വട്ടേഷൻ എടുത്ത വ്യക്തി | എ.വി. ആലിക്കോയ | | |
|---|---|---|---|
| | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | വ്യത്യാസം |
| ക്വട്ടേഷൻ തുക | 1,45,786 | 1,19,544 | 26,242 |
| CGST | 13,121 | 13,121 | - |

| | | | |
|---|---|---|---|
| SGST | 13,121 | 13,121 | - |
| ആകെ | 1,72,027 | 1,45,786 | 26,242 |

ക്വട്ടേഷൻ തുകയിൽ 26242 രൂപ ഈടാക്കാൻ അവശേഷിക്കുന്നു, എ.വി. ആലിക്കോയ എന്നവർ Auction EMD ഇനത്തിൽ അടവാക്കേണ്ട 5000 രൂപ Suppliers EMD ആയി അടവാക്കിയതായി കാണുന്നു.

05/03/2022 ലെ A2/506/2022 ലേലം/ക്വട്ടേഷൻ നോട്ടീസ്, 22/02/2023 ലെ പുനർ ലേല നോട്ടീസ് എന്നിവയിലെ നിബന്ധന 19 പ്രകാരം ലേല തുകയ്ക്ക് ആനുപാതികമായി ചരക്ക് സേവന നികുതി ഈടാക്കുന്നതാണ്, എന്നാൽ ഈ നിബന്ധന പാലിക്കാതെ വ്യത്യസ്ഥ നിരക്കിൽ ലേലം/ക്വട്ടേഷൻ തുകയും ജി.എസ്.ടിയും ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30/2022-23 തീയതി. 09/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകത പരിഹരിക്കേണ്ടതും ഈടാക്കാനുള്ള ലേലം/ക്വട്ടേഷൻ തുകയും ജി.എസ്.ടിയും ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-14 ക്വട്ടേഷൻ പ്രകാരം തുക ഈടാക്കിയില്ല

ഫയൽ നമ്പർ 3020/2023, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വാർഡ് 5ൽ സബ് സെന്ററിനടുത്തുള്ള 461.15 M3 മണ്ണ് നീക്കം ചെയ്യുന്നതിനായി ക്യൂബിക്കിന് 45 രൂപ നിരക്കിൽ ശ്രീ. അസീസ് പി. പുതിയോട്ടിൽ എന്നവർക്ക് നല്കാൻ ഭരണ സമിതി തീരുമാന പ്രകാരം (PR. No. 7/35(2) Dt 28/02/2023ന്) അംഗീകരിച്ചിട്ടുണ്ട്, എന്നാൽ സബ് സെന്ററിലെ ലാന്റ് ഡെവലപ്മെന്റിന് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ സമർപ്പിച്ച റിപ്പോർട്ടിൽ 475.6 $M^3$ (14.25 X 13.35 X 2.5) മണ്ണ് നീക്കം ചെയ്യാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ക്വട്ടേഷൻ നൽകുന്നതിന് പകരം 461.15 $M^3$ മണ്ണ് നീക്കം ചെയ്യുന്നതിനായി ക്വട്ടേഷൻ നൽകുകയും തുക ഈടാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|
| ക്വട്ടേഷൻ തുക (461.15x45) | 20,752 | 16,447 | 4,305 |
| CGST | 1,868 | 4,430 | 2,562 |
| SGST | 1,868 | 4,430 | 2,562 |
| ആകെ | 24,488 | 25,307 | -819 |

ക്വട്ടേഷൻ, ജി.എസ്.ടി ഇനത്തിൽ അടവാക്കിയതിൽ വ്യത്യാസം കാണുന്നു, ക്വട്ടേഷൻ തുകയുടെ 18% ജി.എസ്.ടി. ഈടാക്കുന്നതിന് പകരം 16,477 രൂപ ക്വട്ടേഷൻ തുകയും, 8,860 രൂപ ജി.എസ്.ടി. ഇനത്തിലും അടവാക്കിയിട്ടുണ്ട്, ഈ തരത്തിൽ കണക്കാക്കിയതിനാൽ ക്വട്ടേഷൻ തുകയിൽ 4,305/- രൂപ കുറവും ജി.എസ്.ടി ഇനത്തിൽ 5,124/- രൂപ അധികവുമാണ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയത്.

475.6 $M^3$ മണ്ണ് നീക്കം ചെയ്യുന്നതിന് പകരം 461.15 $M^3$ മണ്ണ് നീക്കം ചെയ്യുന്നതിനായി ക്വട്ടേഷൻ നൽകിയതിനും, നിബന്ധനകൾ പാലിക്കാതെ വ്യത്യസ്ത നിരക്കിൽ ക്വട്ടേഷൻ തുകയും ജി.എസ്.ടിയും ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/2022-23 തീയതി-09/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതും ഈടാക്കാനുള്ള തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-15 ഗുണഭോക്താക്കൾക്ക് മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം ചെയ്തു

പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ രേഖകൾ, ഡെത്ത് റിപ്പോർട്ട്, ILGMS ഫയലുകൾ, സേവന പെൻഷൻ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

മരണപ്പെട്ട പലരുടെയും പെൻഷൻ നിലവിലും സസ്പെൻഡ് ചെയ്യാത്തതിനാൽ പെൻഷൻ ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്നതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷൻ ഐഡി | മരണപ്പെട്ട ആളുടെ പേര് | മരണ തീയതി | പെൻഷൻ ഇനം | പ്രതിമാസ പെൻഷൻ തുക | മരണപ്പെട്ട ശേഷം അനർഹ മായി അനുവദിച്ച കാലയളവ് | സേവന സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 110640100510 | കദീശുമ്മ.പി | 21.05.2022 | കർഷക തൊഴിലാളി പെൻഷൻ | 1600 | ജൂൺ 2022 മുതൽ ജൂൺ 2023 വരെ | ആക്ടീവ് |
| 110640202173 | പ്രകാശൻ | 20.11.2020 | വാർദ്ധക്യ കാല പെൻഷൻ | 1600 | ഡിസംബർ 2020 മുതൽ ഫെബ്രുവരി 2022 വരെ | സസ്പെന്റഡ് |

പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുകയും കോഴിക്കോട് കോർപ്പറേഷനിൽ നിന്ന് പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന ഗുണഭോക്താക്കളുടെയും സേവന സ്റ്റാറ്റസ് ആക്ടീവായി തുടരുന്നതിന്റെയും പെൻഷൻ അക്കൗണ്ടിലേക്ക് ലഭിച്ചുകൊണ്ടിരിക്കുന്നതിന്റെയും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പെൻഷൻ ഐഡി | മരണപ്പെട്ട ആളുടെ പേര് | മരണ തീയതി | പെൻഷൻ ഇനം | പ്രതിമാസ പെൻഷൻ തുക | മരണപ്പെട്ട ശേഷം അനർഹ മായി അനുവദിച്ച കാലയളവ് | സേവന സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 101710241093 | ആലിക്കോയ | 18.08.2022 | വാർദ്ധക്യകാല പെൻഷൻ | 1600 | ആഗസ്റ്റ് 2022 മുതൽ ജൂൺ 2023 വരെ | ആക്ടീവ് |
| 101710237660 | പ്രകാശൻ | 06.09.2022 | വാർദ്ധക്യകാല പെൻഷൻ | 1600 | ഒക്ടോബർ 2022 മുതൽ ജൂൺ 2023 വരെ | ആക്ടീവ് |

ഗ്രാമപഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, പുനർ വിവാഹം നടത്തിയവരുടെയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ

വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിൽ ഇല്ല. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അതിനാൽ അനർഹരായവർക്ക് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു.

ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാവർക്കർമാരെയും ഉപയോഗപ്പെടുത്തി ശേഖരിക്കേണ്ടതും മരണപ്പെട്ടവർക്കും അനർഹർക്കും പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുകയും മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന ഗുണഭോക്താക്കളുടെയും മരണശേഷവും പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെയും സേവന സ്റ്റാറ്റസ് സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. അധികമായി നൽകിയ തുക തിരിച്ചടയ്ക്കാൻ വ്യക്തികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകേണ്ടതും തുക തിരിച്ചടയ്ക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-16 കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

ഗ്രാമപഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-7 പ്രകാരം 1,24,000/- രൂപ അവശേഷിക്കുന്നുണ്ട്. 2020 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത തുകയാണിത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ - 53 പ്രകാരം ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ – 144 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. ഇപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്ത പക്ഷം മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ ഇപ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ തുക മുതൽക്കൂട്ടിയതായി കാണുന്നില്ല. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. നാളിതുവരെ ഈ ഇനത്തിലുള്ള തുക മുതൽക്കൂട്ടാത്തതിന് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (06/2022 – 23/07.11.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-17 ചെലവ് പത്രികയിൽ യഥാർത്ഥ ചെലവ് പ്രതിഫലിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 90/23 കേരളോത്സവം |
| വകയിരുത്തിയ തുക | 15000 (വികസന ഫണ്ട്) + 135000 (തനതു ഫണ്ട്) = 150000 |
| ചെലവ് തുക | 128886 (15000-വികസന ഫണ്ട് + 113886 -തനതു ഫണ്ട്) |
| ബിൽ സാങ്ഷൻ നമ്പർ/ചെക്ക് നം,തീയ്യതി | 218/8-2-23 – 15000<br>9627142/21-2-23 - 113886 |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ വികസന ഫണ്ടിൽ നിന്നും 15000 രൂപയും തനത് ഫണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ്) ടി.എസ്.ബി അക്കൗണ്ടിൽ നിന്നും (നം. 799013000000742) ചെക്ക് മുഖേന പിൻവലിച്ച 1,13,886 രൂപയുമുൾപ്പെടെ ആകെ 1,28,886 രൂപ കേരളോത്സവത്തിനായി ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ ഐ.കെ.എം സുലേഖ ചെലവ് പത്രിക പ്രകാരം വികസന ഫണ്ടിൽ നിന്നുമുള്ള 15,000 രൂപയുടെ ചെലവ് മാത്രമാണ് കാണിച്ചിരിക്കുന്നത്. യഥാർത്ഥ ചെലവ് ചെലവു പത്രികയിൽ ഉൾപ്പെടാത്തതിന് വിശദീകരണം നൽകേണ്ടതും ഐ.കെ.എം മായി ബന്ധപ്പെട്ട് അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതും വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-18 മാമ്പുഴ തീരസംരക്ഷണം - ലക്ഷ്യം കൈവരിച്ചില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 40/22-23 (SO) മാമ്പുഴ തീരസംരക്ഷണം പ്രോജക്ട് പ്രകാരം മാമ്പുഴയുടെ ഇരു തീരങ്ങളിലുമായി നടുന്നതിനു വേണ്ടി ടെണ്ടർ മുഖേന ശ്രീ ദിൽജിത്ത് ഖോർ എന്നയാളിൽ നിന്നും താഴെ കൊടുത്തിരിക്കും പ്രകാരം 3,00,000 രൂപ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് ഫണ്ട് വകയിരുത്തി 1,67,000 രൂപയ്ക്ക് (ബിൽ സാങ്ഷൻ നം.1/6-5-22) രാമച്ചം, മാവിൻ തൈകൾ, മുള തൈകൾ എന്നിവ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഇനം | എണ്ണം | തൈ ഒന്നിന് വില | ആകെ |
|---|---|---|---|---|
| 1 | രാമച്ചം | 2000 | 3 | 60,000 |
| 2 | മാവിൻ തൈകൾ | 300 | 190 | 57,000 |
| 3 | മുള തൈകൾ | 1000 | 50 | 50,000 |
| | ആകെ | | | 1,67,000 |

പെരുമണ്ണ ഗ്രാമ പഞ്ചായത്ത് മാമ്പുഴ പരിസ്ഥിതി പുന:സ്ഥാപനം ജൈവ പുതപ്പ് പദ്ധതി രേഖ 2021-22 പ്രകാരം ജൈവ പുതപ്പ് പദ്ധതിയിലൂടെ മാമ്പുഴയുടെ ഇരുതീരങ്ങളിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് കയർ ഭൂവസ്ത്രം വിരിച്ച് ചെടികൾ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുകയാണ് ലക്ഷ്യമിടുന്നത്. പദ്ധതി രേഖയിൽ തന്നെ ചെടികളുടെ സംരക്ഷണ മാർഗ്ഗങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം വെച്ച് പിടിപ്പിക്കുന്ന തൈകൾ സംരക്ഷിക്കുന്നതിന് വേണ്ടി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലാളികളെ നിയോഗിക്കും. കൂടാതെ മാമ്പുഴയുടെ സംരക്ഷണത്തിന് വേണ്ടി പ്രവർത്തിക്കുന്ന മാമ്പുഴ സംരക്ഷണ സമിതിയുടെ സേവനങ്ങളും ആവശ്യപ്പെടും. അതോടൊപ്പം പ്രാദേശികമായി വാർഡ് വികസന സമിതിയും, വാർഡ് മെമ്പർ നേതൃത്വം നൽകുന്ന സംരക്ഷണ സമിതിയും പരിപാലനം ഏറ്റെടുക്കും. നട്ടുപിടിപ്പിക്കുന്ന ഗാർഡൻ മുളകൾക്ക് ചുറ്റും പ്രകൃതി ദത്തമായ കമ്പുകൾ ഉപയോഗിച്ച് സംരക്ഷിത വലയം നിർമ്മിക്കും. തൻ വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.78 പ്രകാരം 1,2 വാർഡുകളിലായി മാമ്പുഴയുടെ അത്തുളിത്താഴം, ചിറക്കൽ ഭാഗത്തായി 872 മീറ്റർ നീളത്തിൽ കയർ ഭൂവസ്ത്രം വിരിച്ച് 3,51,158 രൂപ ചെലവിൽ മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ തൈകൾ പുഴയുടെ ഇരു ഭാഗത്തുമായി നട്ടു പിടിപ്പിച്ചിട്ടുണ്ട്. 8-11-23 ന് ഓഡിറ്റിന്റെ ഭാഗമായി മാമ്പുഴയുടെ ഇരുതീരവും സന്ദർശിച്ചു. ധാരാളം മുള തൈകൾ വളർന്നു വന്നിട്ടുണ്ട്. അങ്ങിങ്ങായി 3 മാവിൻ തൈകൾ മാത്രം കണ്ടു. രാമച്ചം നട്ടു പിടിപ്പിച്ച ഭാഗങ്ങൾ മുഴുവൻ കാടും വള്ളികളും പടർന്ന് പിടിച്ച് മൂടിയ അവസ്ഥയിലാണ്. ആയതിനാൽ ഒരെണ്ണം പോലും മുളച്ചു പൊന്തിയിട്ടില്ല. 5,18,158 (67000+ 351158) രൂപ ചെലവഴിച്ച് നടപ്പിലാക്കിയ മാമ്പുഴ തീരസംരക്ഷണ പ്രവൃത്തി ഫലപ്രദമാകുന്നതിന് പദ്ധതി രേഖയിൽ പറഞ്ഞ പ്രകാരമുള്ള സംരക്ഷണ മാർഗ്ഗങ്ങൾ ഉറപ്പാക്കി കണ്ടില്ല. നട്ടുപിടിപ്പിച്ച ചെടികൾക്ക് ചുറ്റും പ്രകൃതി ദത്തമായ കമ്പുകൾ ഉപയോഗിച്ച് സംരക്ഷിത വലയം നിർമ്മിച്ചു കാണുന്നില്ല. പശുക്കൾ അങ്ങിങ്ങായി മേയുന്നത് കണ്ടു.

മാമ്പുഴ തീര സംരക്ഷണ പ്രവൃത്തിയിൽ 2023-24 വർഷവും 40000 രാമച്ചം തൈകൾ വാങ്ങുന്നതിന് 1,20,000 രൂപയും ആയത് നടുന്നതിന് കയർ ഭൂവസ്ത്രം വിരിച്ച് പ്രവർത്തി ചെയ്യുന്നതിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 3,89,112 രൂപയുമുൾപ്പെടെ 5,09,112 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഇപ്രകാരം ആകെ 10,27,207 രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പദ്ധതിയുടെ ഫലം കാണുന്നതിന് ജൈവ പുതപ്പ് പദ്ധതി രേഖയിൽ നിർദ്ദേശിച്ചതു പ്രകാരമുള്ള സംരക്ഷണ പ്രവർത്തനങ്ങളും തുടർ മോണിറ്ററിംഗും നടത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്. നിലവിൽ നട്ടതിൽ ബാക്കിയുള്ള ചെടികൾ സംരക്ഷിച്ച നിർത്തുന്നതിനായി ജൈവ പുതപ്പ് പദ്ധതി രേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിച്ച് പദ്ധതിയിൽ വിഭാവനം ചെയ്ത രീതിയിലുള്ള ലക്ഷ്യം കൈവരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-19 'ടേക്ക് എ ബ്രേക്ക് '- നടത്തിപ്പ് വ്യവസ്ഥകളിൽ സുതാര്യതയില്ല

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു.മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് 'ടേക്ക് എ ബ്രേക്ക്', പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട 'ടേക്ക് എ ബ്രേക്ക്' വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ത.സ്വ.ഭ.വ. യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകി.

പെരുമണ്ണ പഞ്ചായത്തിൽ ഇതിന്റെയടിസ്ഥാനത്തിൽ 'ടേക്ക് എ ബ്രേക്ക്' കെട്ടിടത്തിന്റെ നിർമ്മാണം 2021-22 വർഷത്തിൽ പൂർത്തീകരിക്കുകയും, പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് കെട്ടിടത്തിനോട് ചേർന്നുള്ള ബസ് സ്റ്റാന്റിൽ തന്നെയാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. ടോയ്‌ലെറ്റിന്റെ ഉദ്ഘാടനം 5.2.2022 ന് നടത്തി. 2.2.22 ലെ ഭരണസമിതി തീരുമാനം 12 പ്രകാരം കുടുംബശ്രീയുടെ സംരംഭക ഗ്രൂപ്പായ ഹരിതകർമ്മ സേനയ്ക്ക് നടത്തിപ്പിനായി നൽകാനും, ഇവരുമായി കരാർ ചമക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രവർത്തന സമയം രാവിലെ 7 മുതൽ വൈകീട്ട് 7 വരെയായി നിശ്ചയിക്കുകയും, യൂറിനലും ടോയ്‌ലെറ്റും ഉപയോഗിക്കുന്നതിന് 5 രൂപയും, കുളിക്കുന്നതിന് 10 രൂപയും ഈടാക്കുന്നതിനും ഇതേ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ടേക്ക് എ ബ്രേക്കിന്റെ പ്രവർത്തനത്തിന് ഒരു പൊതു ബൈലോ തയ്യാറാക്കുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷ നൽകാനും തീരുമാനിച്ചു.

എന്നാൽ ഹരിതകർമ്മ സേനയുമായി ചമച്ച കരാർ പരിശോധനയ്ക്ക് തന്നെങ്കിലും, ഇതിൽ നമ്പറും തിയ്യതിയും രേഖപ്പെടുത്തുകയോ, സെക്രട്ടറി ഒപ്പു വയ്ക്കുകയോ ചെയ്തിട്ടില്ല. ഹരിതകർമ്മ സേന സെക്രട്ടറി ഒപ്പിട്ട മുദ്രപ്പത്രത്തിൽ വ്യവസ്ഥകൾ മാത്രം രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കയാണ്. കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു.

- യൂസർഫീ ഈടാക്കുന്നതിനുള്ള രസീതുകൾ, കംഫർട്ട് സ്റ്റേഷൻ ശുചീകരണത്തിനുള്ള സാധനസാമഗ്രികൾ എന്നിവ പഞ്ചായത്ത് നൽകുന്നതാണ്.
- വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് വഹിക്കും
- 'ടേക്ക് എ ബ്രേക്കി'ൽ നിന്നുള്ള പിരിവ് പിറ്റേ ദിവസം രാവിലെ തന്നെ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്.
- 'ടേക്ക് എ ബ്രേക്കി'ൽ പ്രവർത്തിക്കുന്നതിന് പ്രതിദിനം 500/- രൂപ നിരക്കിൽ പ്രതിമാസം 30 ദിവസങ്ങളിലായി 15000/-രൂപ ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതാണ്.

. ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നിരക്കുകൾ 'ടേക്ക് എ ബ്രേക്കി'ൽ പൊതുജനങ്ങൾക്ക് കാണാവുന്ന വിധം പ്രദർശിപ്പിക്കേണ്ടതാണ്.

'ടേക്ക് എ ബ്രേക്ക്' നടത്തിപ്പ് വാടകയടിസ്ഥാനത്തിലാണോ അതോ സൗജന്യമായാണോയെന്നും കരാറിൽ പ്രതിപാദിച്ചിട്ടില്ല. ടോയ്ലെറ്റ് ഉപയോഗത്തിന് പിരിച്ചെടുത്ത പണം എപ്രകാരം കൈകാര്യം ചെയ്തുവെന്നത് സംബന്ധിച്ച വിവരങ്ങളും, നാളിതുവരെയുള്ള പിരിവിന്റെ വിശദാംശവും പരിശോധനയ്ക്ക് ലഭ്യമായില്ല. ടോയ്ലെറ്റ് ഉപയോഗത്തിന് ബൈലോ തയ്യാറാക്കുന്നതിനെടുത്ത നടപടി വിവരവും പരിശോധനയ്ക്ക് ലഭിച്ചില്ല. 19.7.2023ലെ 5/131 തീരുമാനപ്രകാരം ഹരിതകർമ്മസേന ടോയ്ലെറ്റിന്റെ നടത്തിപ്പ് ഒഴിഞ്ഞതായും, കുടുംബശ്രീയിൽ KZ/54/14/01 നമ്പറായി രജിസ്റ്റർ ചെയ്ത സൗഹൃദം ടീ സ്റ്റാളിന് നടത്തിപ്പ് അനുവദിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഹരിതകർമ്മ സേന നടത്തിപ്പ് ഒഴിഞ്ഞുകൊണ്ട് നൽകിയ അറിയിപ്പ് ഫയലിൽ ലഭ്യമല്ല. ആദ്യ കരാറിലെ വ്യവസ്ഥകൾ തന്നെയാണ് പുതിയതിലും ഉൾപ്പെടുത്തിയത്. ഇതും നമ്പറും തിയ്യതിയും രേഖപ്പെടുത്താത്ത വിധത്തിലാണുള്ളത്. പുതിയ സംരംഭകർക്ക് വാടകയ്ക്കാണോ അതോ സൗജന്യമായണോ നടത്തിപ്പ് ഏൽപ്പിച്ചു നൽകിയത് എന്നതിലും വ്യക്തതയില്ല.

ഓഡിറ്റിന്റെ ഭാഗമായി 9.11.23ന് 'ടേക്ക് എ ബ്രേക്ക്' സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുകയുണ്ടായി. കഫ്റ്റീരിയയുടെ നടത്തിപ്പ് തൃപ്തികരമായി നടക്കുന്നുണ്ട്. ടോയ്ലെറ്റുകൾ നിർമ്മിച്ചതിൽ സ്ത്രീകൾക്കായി നിർമ്മിച്ച ടോയ്ലെറ്റിനോട് ചേർന്ന ഫീഡിംഗ് റൂം കഫ്റ്റീരിയ നടത്തിപ്പുകാർ സാധനങ്ങൾ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന രീതിയിലാണുള്ളത്. ടോയ്ലെറ്റ് നടത്തിപ്പുമായി സംബന്ധിച്ച് നിലവിലെ ഗ്രൂപ്പ് സെക്രട്ടറി അനിതകുമാരിയുമായി സംസാരിച്ചതിൽ ടോയ്ലെറ്റ് നടത്തിപ്പ് (പുരുഷൻമാർക്കായി നിർമ്മിച്ച ഭാഗം) വേലായുധൻ എന്നയാളാണ് നടത്തുന്നതെന്നും, ടോയ്ലെറ്റ് പിരിവ് സംബന്ധിച്ച് അറിവില്ലായെന്നും അറിയിച്ചു. കഫ്റ്റീരിയയോട് ചേർന്ന ഭാഗത്തുള്ള സ്ത്രീകളുടെ ടോയ്ലെറ്റ് വിരളമായി മാത്രമേ ഉപയോഗിക്കാറുള്ളൂവെന്നും അറിയിച്ചു. പഞ്ചായത്ത് ബസ് സ്റ്റാന്റ് പിരിവ് വേലായുധൻ എന്ന വ്യക്തിക്കാണ് ലേലം ചെയ്ത് നൽകിയിട്ടുള്ളത്. ഈ വേലായുധൻ തന്നെയാണോ ടോയ്ലെറ്റിന്റെ പിരിവെടുക്കുന്നതെന്ന് വ്യക്തമല്ല. ബസ് സ്റ്റാന്റ് പിരിവുമായി ബന്ധപ്പെട്ട വ്യവസ്ഥകളിൽ ഇങ്ങനെയൊരു കാര്യത്തെക്കുറിച്ച് പരാമർശിച്ചിട്ടില്ല.

ആദ്യ നടത്തിപ്പുകാരായ ഹരിതകർമ്മസേനയുടെ പ്രസിഡന്റ് മിനിയുമായി സംസാരിച്ചതിൽ, യൂസർഫീ പിരിവിന് രസീതുകൾ ഉപയോഗിച്ചിരുന്നില്ലെന്നും, തുക പഞ്ചായത്തിൽ അടവാക്കിയിരുന്നില്ലെന്നും അറിയിച്ചു. പിരിവ് സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭിച്ചില്ല. വൈദ്യുതി ചാർജ്ജ്, വെള്ളം എന്നിവ പഞ്ചായത്താണ് നൽകിയിരുന്നതെന്നും, കരാറിൽ പ്രതിപാദിച്ച പ്രതിമാസം നൽകുമെന്നു വിവരിച്ച തുകയെ സംബന്ധിച്ച് അറിവില്ലെന്നും അറിയിച്ചു.

മുകളിൽ വിവരിച്ച കാര്യങ്ങളിൽ നിന്നും വളരെ അലംഭാവത്തോടെയാണ് പഞ്ചായത്ത് 'ടേക്ക് എ ബ്രേക്ക്' നടത്തിപ്പ് ഏൽപ്പിച്ചു നൽകിയിരിക്കുന്നതെന്നും, കരാറിൽ ഉൾപ്പെടുത്തിയ വ്യവസ്ഥകൾക്ക് യാതൊരു മാനദണ്ഡവുമില്ലെന്നും മനസ്സിലാകുന്നു. ശരിയാം വിധം കരാറിൽ ഏർപ്പെടാത്തതും, പഞ്ചായത്തിന് ബാധ്യത വരും വിധമുള്ള കരാർ വ്യവസ്ഥകളും ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു. അനാവശ്യ വ്യവസ്ഥകൾ (പ്രതിമാസം ഗ്രൂപ്പിന് തുക അനുവദിക്കുമെന്നത്) പഞ്ചായത്തിനെ വ്യവഹാരങ്ങളിലേയ്ക്ക് നയിക്കാൻ സാധ്യതയുണ്ടെന്നിരിക്കെ പുന:പരിശോധനാ വിധേയമാക്കേണ്ടതും, യൂസർഫീ, തുടർനടത്തിപ്പ് എന്നിവ സംബന്ധിച്ച് കൃത്യമായ വ്യവസ്ഥകൾ തയ്യാറാക്കി 'ടേക്ക് എ ബ്രേക്കി'ന്റെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കേണ്ടതുമാണ്.

1-20 തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല

കെ.എസ്.ഇ.ബിയുടെ പെരുമണ്ണ സെക്ഷനിൽ നിന്നുള്ള ഡിമാന്റ് നോട്ടീസുകളുടെ അടിസ്ഥാനത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 4,77,251/- രൂപ അടവാക്കിയിട്ടുണ്ട്. മാസം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| മാസം | അടവാക്കിയ തുക |
|---|---|
| 04/2022 | 7,160 |
| 06/2022 | 60,456 |
| 07/2022 | 40,037 |
| 08/2022 | 56,718 |
| 09/2022 | 35,208 |
| 10/2022 | 31,568 |
| 11/2022 | 51,594 |
| 12/2022 | 30,359 |
| 01/2023 | 57,371 |
| 02/2023 | 5,888 |
| 03/2023 | 1,00,892 |
| ആകെ | 4,77,251 |

എന്നാൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവിളക്കുകളുടെ എണ്ണം, തരം എന്നിവ തീർച്ചപ്പെടുത്താതെയാണ് 2022-23 വർഷത്തിൽ വൈദ്യുതി ചാർജ്ജ് അടവാക്കിയിട്ടുള്ളത്. സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ എണ്ണം, തരം, സ്ഥാനം എന്നിവ വ്യക്തമാക്കുന്ന രീതിയിൽ തെരുവുവിളക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 111/23 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 1000000 (500000 വികസനഫണ്ട് ജനറൽ + 500000 മറ്റുള്ളവ ) |
| ചെലവ് | 500000 (വികസന ഫണ്ട് ജനറൽ) |
| ബിൽ നം/തീയതി | 278/15-3-23 |
| നിർവഹണ | വെറ്ററിനറി സർജൻ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |

സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 4 - 6 മാസം വരെ പ്രായമുള്ള 40 കന്നുകുട്ടികളെ തെരഞ്ഞെടുത്ത് 32 മാസം വരെ ശാസ്ത്രീയ തീറ്റ നൽകി വളർത്തി ആരോഗ്യമുള്ള കാലി സമ്പത്ത് വളർത്തുക എന്നതാണ് ലക്ഷ്യം. പ്രസ്തുത ലക്ഷ്യം മുൻനിർത്തി പ്രൊജക്ട് പ്രകാരം 40 കന്നുകുട്ടികളുടെ പരിപാലനത്തിനായി പഞ്ചായത്ത് വിഹിതവും സംസ്ഥാന വിഹിതവുമുൾപ്പെടെയുള്ള വികസന ഫണ്ടിൽ നിന്നും 5,00000/- രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് അസി.ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി സ്കീം കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. തുകയുടെ നാളിതുവരെയുള്ള വിനിയോഗവിവരം, ഭൗതിക പുരോഗതി റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഏപ്രിൽ മാസം 2023 ന് ആരംഭിച്ച കന്നുകുട്ടി പരിപാലന പദ്ധതിയുടെ കാലിത്തീറ്റ വിതരണം സംബന്ധിച്ച് പെരുമണ്ണ ക്ഷീര സഹകരണ സംഘം സൂക്ഷിച്ച വ്യക്തിഗത നാൾവഴി പരിശോധിച്ചപ്പോൾ ഒക്ടോബർ മാസം 2023 വരെ കന്നുകുട്ടികൾക്ക് തീറ്റ വിതരണം നടത്തിയതായി കണ്ടു. ഇതിൽ റുഖിയ കണ്ടഞ്ചേരി മീത്തൽ, ശാന്തകുമാരി, അശ്വതി തയ്യിൽ താഴം എന്നീ രണ്ടു പേർ തങ്ങളുടെ കന്നുകുട്ടികൾക്ക് ജൂൺ 2023 വരെ മാത്രമേ തീറ്റ വാങ്ങി കാണുന്നുള്ളൂ.

ഈ ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിൻവാങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. മേൽ ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിൻവാങ്ങിയിട്ടുണ്ടെങ്കിൽ അവരുടെ വിഹിതവും പദ്ധതി പൂർത്തീകരിക്കുന്ന കാലയളവിനുള്ളിൽ മറ്റ് ഏതെങ്കിലും ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിൻവാങ്ങുകയാണെങ്കിൽ അവരുടെ വിഹിതവും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് മേൽ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (11/7-11-23) മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ തുകയുടെ നാളിതുവരെയുള്ള വിനിയോഗവിവരം ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച ശേഷം പദ്ധതിയുടെ ഭൗതിക പുരോഗതി റിപ്പോർട്ട് പരിശോധനക്ക് സമർപ്പിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പദ്ധതിയിൽ നിന്നും പിൻവാങ്ങുന്നവരുടെയും പശുക്കുട്ടി മരിച്ചു പോയവരുടെയും വിഹിതം പദ്ധതി പൂർത്തീകരിക്കുന്ന വേളയിൽ ലഭ്യമാക്കി കൺസോളിഡേറ്റഡ് ഫണ്ടിലടവാക്കി അറിയിക്കുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് മുഴുവൻ രേഖകളും ലഭ്യമാക്കുന്നതുവരെ ചെലവു തുക 5,00,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-22 ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി (എസ്. സി) പ്രകാരം 2021 -22, 2022-23 സാമ്പത്തിക വർഷങ്ങളിൽ എഗ്രിമെന്റ് വെച്ച് അഡ്വാൻസ് കൈപ്പറ്റിയ 2 ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായി നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ച ഭവന നിർമ്മാണ രജിസ്റ്റർ, പ്രോജക്ട് ഫയലുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്ന് മനസ്സിലാവുന്നു. വിശദാംശം ചുവടെചേർക്കുന്നു.

1)

| | |
|---|---|
| ഗുണഭോക്താവിന്റെ പേര് | ബജീഷ്.പി.പി |
| വിലാസം | പെരിങ്ങോട്ടുപറമ്പിൽ, പെരുമണ്ണ |
| വാർഡ് | 7 |
| കൈപ്പറ്റിയ ആദ്യ ഗഡു, തീയതി | 40,000/-, 16.12.2022 |
| എഗ്രിമെന്റ് തീയതി | 02.12.2022 |

ലൈഫ് എസ്.സി അഡീഷണൽ ഭൂരഹിത ലിസ്റ്റിൽ ഉൾപ്പെട്ട് കുന്നമംഗലം എസ്.സി വകുപ്പിൽ നിന്നും ഭൂമിക്ക് ധനസഹായം കിട്ടി 2022-23 വർഷ എസ്.സി ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തിയാണ് ബജീഷ്.പി.പി. ഭവന നിർമ്മാണ രജിസ്റ്റർ പ്രകാരം 02.12.2022 ന് കരാറിലേർപ്പെട്ട് അഡ്വാൻസായി 40,000/- കൈപ്പറ്റിയ ബജീഷ്.പി.പി വീടിന്റെ തറ ഇതുവരെ പൂർത്തിയാക്കിയിട്ടില്ല.

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം. 34/2018 /ത.സ്വ.ഭ.വ, തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്.

2)

| | |
|---|---|
| ഗുണഭോക്താവിന്റെ പേര് | ചക്കി.എം.എം |
| വിലാസം | മുണ്ടയിൽ മേത്തൽ, പാറമ്മൽ, പെരുമണ്ണ |
| വാർഡ് | 09 |
| കൈപ്പറ്റിയ ആദ്യ ഗഡു, തീയതി | 40,000/-, 01.03.2021 |
| എഗ്രിമെന്റ് തീയതി | 19.01.2021 |

ഭവന നിർമ്മാണ രജിസ്റ്ററിൽ 01.03.2021 ന് ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താവ് മരണപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡെത്ത് സർട്ടിഫിക്കറ്റ്, ലീഗൽ ഹെയർ സർട്ടിഫിക്കറ്റ്, മരണത്തിന് ശേഷമുള്ള നടപടികളുടെ വിവരങ്ങൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ആദ്യ ഗഡു കൈപ്പറ്റിയ ശേഷം പണി ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 അമൃതം ന്യൂട്രിമിക്സ് ബില്ല് - സ്രോതസിൽ നിന്നും ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായ അങ്കണവാടി പോഷകാഹാര (ജനറൽ) പദ്ധതികൾ പ്രകാരം ശ്രേയസ്സ് ഫുഡ് പ്രൊഡക്ട്സ് ഫാറൂഖ്, പാഞ്ചജന്യം ഫുഡ് പ്രൊഡക്ട്സ് കൊയിലാണ്ടി എന്നീ സ്ഥാപനങ്ങളിൽ നിന്നും താഴെ പറയും പ്രകാരം 'അമൃതം ഫുഡ്' 2.5% CGST യും, 2.5% SGSTയും ഉൾപ്പെടെ നല്കി വാങ്ങിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ സ്രോതസിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ആയി ഈടാക്കിയ തുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിശദാംശം ലഭ്യമല്ല.

അമൃതം ഫുഡ് വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തിയതി | CGST,SGST (5%) ഉൾപ്പെടെയുള്ള തുക | ന്യൂട്രിമിക്സിന് അനുവദിച്ച ബിൽ തുക | തുക കൈമാറിയ സ്ഥാപനം | ഈടാക്കേണ്ട ജി.എസ്.ടി ടി.ഡി.എസ് | തുക/ ബിൽ സാങ്ഷൻ നമ്പർ/ |
|---|---|---|---|---|---|---|
| 138 | 19.04.22 | 65047 | 65047 | ശ്രേയസ്സ് ഫുഡ് പ്രൊഡക്ട്സ് ഫാറൂഖ് | 1301 | 32/ 02/08/23 645643/- |

| | | | | | | |
|---|---|---|---|---|---|---|
| 128 | 21.7.22 | 66885 | 66885 | പാഞ്ചജന്യം ഫുഡ് പ്രൊഡക്ട്സ് ഫാറൂഖ് | 1338 | 60/ 05/09/22 463872 |
| 139 | 10.8.22 | 84855 | 84855 | | 1697 | |
| 143 | 19.9.22 | 134505 | 280548 | | 2690 | 123/ 2/12/22 574035/- |
| 147 | 24.11.22 | 68538 | | | 1370 | |
| 144 | 17.10.22 | 77505 | | | 1550 | |
| 153 | 26.12.22 | 91875 | 91875 | ശ്രേയസ്സ് ഫുഡ് പ്രൊഡക്ട്സ് ഫാറൂഖ് | 1838 | Cheque No-9036/27 /01/23 268624 - |
| 160 | 9.3.23 | 83202 | 276654/- | | 1664 | Cheque No-9037/ 20/03/23 800404/ |
| 156 | 22.01.23 | 110250 | | | 2205 | |
| 158 | 24.2.23 | 83202 | | | 1664 | |
| | | 8,65,864 | | | 17317/- | |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് സോഴ്സിൽ നിന്ന് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം ശ്രേയസ്സ് ഫുഡ് പ്രൊഡക്ട്സ് ഫാറൂഖ്, പാഞ്ചജന്യം ഫുഡ് പ്രൊഡക്ട്സ് കൊയിലാണ്ടി എന്നീ സ്ഥാപനങ്ങളിൽ നിന്ന് 'അമൃതം ഫുഡ് വാങ്ങിയപ്പോൾ SGST, CGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചതായി കാണുന്നു. സ്രോതസിൽ നിന്നും ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ആയി 1% വീതം ആകെ 2% നികുതി ഈടാക്കാത്തതിന് കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (07/2022-23 /07.11.2023) ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം നാളിതുവരെ ഈ ഇനത്തിൽ തുക ഈടാക്കിയിട്ടില്ല എന്നും, തുടർവർഷങ്ങളിൽ ഈടാക്കുന്നതാണെന്നുമാണ്. മേൽ പ്രകാരമുള്ള SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ആയി 1% വീതം ആകെ 2% നികുതി ഈടാക്കേണ്ടതും തുടർവർഷങ്ങളിൽ പദ്ധതി നടപ്പിലാക്കുമ്പോൾ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 നിർമ്മാണ പ്രവൃത്തികളുടെ ഇൻഷ്വറൻസ് - നടപടികളിൽ അവ്യക്തത

നിർമ്മാണ പ്രവൃത്തികളുടെ ബിഡ് ഡോക്യുമെന്റ് ഖണ്ഡിക 12 പ്രകാരം കരാറുകാർ പ്രവൃത്തി ആരംഭിച്ച തിയ്യതി മുതൽ പൂർത്തീകരണ തിയ്യതി വരെയും, ഡിഫക്ട് ലയബിലിറ്റി കാലയളവ് വരെയും ഉള്ള രണ്ടു ഭാഗങ്ങളിലായുള്ള ഇൻഷ്വറൻസ് കവറേജ് ലഭ്യമാക്കേണ്ടതുണ്ട്. എല്ലാ പോളിസികളുടേയും ഒറിജിനൽ കരാറുകാരൻ എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിലെടുക്കുന്ന ഇൻഷ്വറൻസിന്റെ കവറേജ് കരാർ തുകയുടെ 0.5% ആയിരിക്കേണ്ടതും (മിനിമം 2,00,000/-), ഇൻഷ്വറൻസ് വിശദാംശം പ്രവൃത്തി ആരംഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതുമാണെന്ന് പ്രവൃത്തി ഏൽപ്പിച്ചു കൊണ്ടുള്ള "ലെറ്റർ ഓഫ് ആക്സപ്റ്റൻസ്”ൽ വിവരിക്കുന്നുണ്ട്. ഇല്ലാത്ത പക്ഷം കരാർ തുകയുടെ 0.2% രൂപ ബില്ലിൽ നിന്നും കുറവു വരുത്തുന്നതാണ്.

ഓഡിറ്റ് വർഷത്തെ പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ പല പ്രവൃത്തികളിലും ഇൻഷ്വറൻസ് ലഭ്യമാക്കാതിരുന്നിട്ടും പിഴ ഈടാക്കാത്തതായും, ഇൻഷ്വറൻസ് സമർപ്പിച്ചിട്ടും പിഴ ഈടാക്കിയതായും കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി നം./പേര് | കരാറുകാരൻ | ഇൻഷ്വറൻസ് വിവരം | പിഴ വിവരം |
|---|---|---|---|
| 231/23, പയ്യടിമീത്തൽ മനത്താനത്ത് ക്ഷേത്രം റോഡ് സൈഡ് കെട്ടൽ | ഇ.എം.പ്രകാശൻ | ലഭ്യമല്ല | ഈടാക്കിയിട്ടില്ല |
| 204/23, കൊളശ്ശേരിപ്പാറ അങ്കണവാടി നവീകരണം | ഷജിത്ത്.ടി.എ. | ലഭ്യമല്ല | ഈടാക്കിയിട്ടില്ല |
| 149/23, അറത്തിൽപറമ്പ് പുളിക്കൽതാഴം റോഡ് ഡ്രൈനേജ് | ഹരിദാസൻ.കെ.എം | പോ.നം.76130044220300000098, The New India Assurance Co.Ltd , From 3.3.23 | പിഴ ഈടാക്കി |
| 9/23, പാലക്കലൊടി പെരുമ്പട്ട് ഡ്രൈനേജ് | ഹരിദാസൻ.കെ.എം | പോ.നം.76130044220300000039, The New India Assurance Co.Ltd , From 3.3.23 | പിഴ ഈടാക്കി |

ഇത്തരത്തിൽ ഇൻഷ്വറൻസ് ലഭ്യമാക്കിയവരിൽ നിന്നും പിഴ ഈടാക്കിയതും, ലഭ്യമാക്കാത്തവരിൽ നിന്നും പിഴ ഈടാക്കാതിരുന്നതിന്റെയും കാരണം വിശദീകരിക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശത്തിന്റെ വിശദാംശം ഹാജരാക്കേണ്ടതുമാണ്.

1-25 നിയമ വിരുദ്ധമായ നിർമ്മാണം - ആയുർവേദ ഡിസ്പെൻസറി കെട്ടിടം ഉപയോഗിക്കാനായില്ല- 2516595/-രൂപയുടെ പാഴ്ചെലവ്

2022-23 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥനായി വാങ്ങിയ ആയുർവേദ മരുന്നുകളുടെ (ആയുർവേദം നിർവ്വഹണോദ്യോഗസ്ഥനില്ല) സ്റ്റോക്ക് പരിശോധനയുമായി ബന്ധപ്പെട്ട് ആയുർവേദ ഡോക്ടറുമായി നേരിൽ സംസാരിച്ചപ്പോൾ സ്വന്തമായി ആശുപത്രി കെട്ടിടമില്ലാത്തതിന്റെയും നിലവിലെ വാടക കെട്ടിടത്തിന്റെ ശോചനീയാവസ്ഥയെയും, പരിമിതികളെയും സംബന്ധിച്ച് അറിയിക്കുകയുണ്ടായി. സ്വന്തമായി ആശുപത്രി കെട്ടിടം ഇല്ലാത്തതിനെ കുറിച്ച് ആരാഞ്ഞപ്പോൾ, ആശുപത്രിക്കായി കെട്ടിടം നിർമ്മിച്ചിരുന്നെന്നും ആയത് ഉപയോഗിക്കാൻ സാധിക്കാതെ നിഷ്ക്രിയമായി കിടക്കുകയാണെന്നും അറിഞ്ഞതിനെ തുടർന്ന് ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചു. ഈ വിഷയത്തിൽ നാളിതു വരെയുണ്ടായ കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

ആയുർവേദ ഡിസ്പെൻസറി നിർമ്മാണത്തിന് സ്വന്തമായി ഭൂമിയില്ലാതിരുന്ന പഞ്ചായത്തിന് ശ്രീ.മൂസ്സ കുരുടിത്താഴത്ത് എന്നവർ പെരുമണ്ണ വില്ലേജിലെ പൂത്തൂർ ദേശത്ത് റീസർവ്വേ നമ്പർ 151/3ൽ ഉൾപ്പെട്ട 1.619 ആർസ് ഭൂമി സൗജന്യമായി വിട്ടു നൽകുകയും, ഈ സ്ഥലത്ത് 2014-15, 2015-16 വർഷങ്ങളിലെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി 25,16,595/-രൂപ ചെലവഴിച്ച് കെട്ടിട നിർമ്മാണം, ചുറ്റുമതിൽ, വൈദ്യുതീകരണം, ഫർണീഷിംഗ് എന്നിവ നടത്തി 21.9.2015 ൽ ഉദ്ഘാടനം നടത്തുകയും ചെയ്തു. എന്നാൽ നിർമ്മാണ സ്ഥലം നെൽവയലായതിനാൽ കെട്ടിടനമ്പർ അനുവദിക്കാൻ സാധിക്കാതെ വരികയും വൈദ്യുതി കണക്ഷൻ ലഭ്യമാകാത്തതിനാൽ കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ സാധിക്കാതെയും വന്നു. കോഴിക്കോട് ജില്ലാ കളക്ടറുടെ 9.6.2017 ലെ നടപടിക്രമം എൽ11-5210/17 പ്രകാരം പ്രസ്തുത സ്ഥലം നിലമായതിനാൽ കെട്ടിടനമ്പർ അനുവദിക്കുന്നതിനും, കെട്ടിടത്തിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിനും സർക്കാരിൽ നിന്നും പ്രത്യേകാനുമതി ലഭ്യമാക്കണമെന്നും, അനുമതി ലഭ്യമായില്ലെങ്കിൽ സ്ഥലം പൂർവ്വ സ്ഥിതിയിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ഇതിനെ തുടർന്ന് 11.10.2017 ൽ ഉചിത മാർഗ്ഗേന സർക്കാരിലേയ്ക്ക് അപേക്ഷിച്ചു (കത്ത് നമ്പർ എ24222/17). ഇതിനു മറുപടിയൊന്നും ലഭ്യമായില്ല.

തുടർന്നുള്ള ശ്രമങ്ങളാൽ ഡിസ്പെൻസറിയിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള 12 സെന്റ് സ്ഥലം (റീ.നം.151/3 ലെ 4.485ആർസ് ഭൂമി) മൂസ്സ മുതൽ 14 പേർ ചേർന്ന് പഞ്ചായത്തിന് സൗജന്യമായി രജിസ്റ്റർ ചെയ്ത് ലഭ്യമാക്കിയതായി 31.10.2019 ൽ സർക്കാരിലേയ്ക്ക് വീണ്ടും നൽകിയ അപേക്ഷയിൽ വിവരിച്ചിട്ടുണ്ട്. നെൽവയൽതണ്ണീർതട സംരക്ഷണ നിയമത്തിന്റെ 2018 ലെ ഭേദഗതി ചട്ടത്തിൽ ചട്ടം 8 ന് വന്ന ഭേദഗതി അടിസ്ഥാനപ്പെടുത്തി പൊതു ആവശ്യത്തിനായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് പ്രാദേശിക നിരീക്ഷണ സമിതിയ്ക്ക് അപേക്ഷ നൽകുകയും, ഇവരുടെ അനുകൂല റിപ്പോർട്ട് സഹിതം സംസ്ഥാന തല സമിതിയ്ക്ക് ശുപാർശ നൽകുകയും, പ്രസ്തുത വിവരം അറിയിച്ചു കൊണ്ട് അനുമതിയ്ക്കായി വീണ്ടും 19.8.2020 ൽ എ2-7875/19 കത്തു മുഖേന തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് കത്തയക്കുകയും ചെയ്തു. എന്നാൽ വയലിലൂടെ റോഡും, കെട്ടിടവും നിർമ്മിക്കുന്നത് പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്നതിനാൽ അപേക്ഷയിലെ ആവശ്യം നിരസിക്കാമെന്നുള്ള സംസ്ഥാന സമിതിയുടെ തീരുമാനം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചതായും, ആയതിനാൽ പഞ്ചായത്തിന്റെ അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ലയെന്നും

8.10.2021 ലെ 300/എൻ.സി.എ2/2020/കൃഷി നമ്പർ കത്ത് മുഖേന പ്രിൻസിപ്പൽ സെക്രട്ടറി കൃഷി, പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചു.

ഓഡിറ്റിനോടനുബന്ധിച്ച് മേൽ കെട്ടിടം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 8.11.23.ന് നേരിൽ സന്ദർശിച്ചപ്പോൾ ഇത്തരത്തിൽ ഒരു കെട്ടിടം ആ പ്രദേശത്ത് ഉണ്ടെന്ന പോലും മനസ്സിലാകാത്ത വിധം കാടു പിടിച്ച് കിടക്കുന്നത് കണ്ടു. സ്വകാര്യ വ്യക്തിയുടെ 30 മീറ്ററോളം നീളത്തിലുള്ള ഒരു പ്ലോട്ടിന്റെ രണ്ടു അതിർ(നീളവും, വീതിയും) ചുറ്റുന്ന വിധത്തിൽ റോഡ് നിർമ്മിക്കുകയും പ്രസ്തുത പ്ലോട്ടിന്റെ പുറകുമൂലയിലായി ആശുപത്രിക്കായി കെട്ടിടം നിർമ്മിക്കുകയുമാണ് ചെയ്തിട്ടുള്ളത്. സ്വകാര്യ വ്യക്തിയുടെ സ്ഥലം റോഡിന്റെ ഉയരത്തിലുള്ളതായും, ചുറ്റുമതിൽ കെട്ടി സംരക്ഷിച്ച രീതിയിലുമാണുള്ളത്. ആശുപത്രി കെട്ടിടം താഴിട്ടു പൂട്ടിയ നിലയിലാണെങ്കിലും മുൻവശത്തെ ഗ്രില്ലിലൂടെ തുരുമ്പിച്ചു തുടങ്ങിയ 3 Seater സ്റ്റീൽ വിസിറ്റർ കസേരകൾ, മരത്തിന്റെ ബെഞ്ചുകൾ, സ്റ്റീൽ എക്സാമിനേഷൻ ടേബിൾ, കുഷ്യൻഡ് എക്സിക്യൂട്ടീവ് ചെയർ, ഫൈബർ കസേരകൾ, ഫാനുകൾ, ലൈറ്റുകൾ, അലമാരകൾ തുടങ്ങിയ സാധനങ്ങൾ കാണുകയുണ്ടായി. സ്ഥാപിച്ച ഗേറ്റ് പൊളിച്ചു മാറ്റിയ നിലയിൽ കിടക്കുന്നു.

22.6.2017 ൽ ഈ കെട്ടിടത്തിലുള്ള ഫർണീച്ചറുകൾ ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാൻ സെക്രട്ടറി ഫയലിൽ കുറിപ്പെഴുതിയിട്ടുണ്ട്. മുകളിൽ വിവരിച്ച പ്രകാരം തരം മാറ്റാനുള്ള അപേക്ഷ സർക്കാർ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് ലഭിച്ചിട്ട് രണ്ടു വർഷത്തോളവുമായി. ഈ സാഹചര്യത്തിലും കെട്ടിടവും, സാധന സാമഗ്രികളും ഉപയോഗക്ഷമമാക്കാനുള്ള ഒരു സാധ്യതയും പഞ്ചായത്ത് ചെയ്തതായി കാണുന്നില്ല. അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പിൽ കെട്ടിടനിർമ്മാണത്തിനായി തരം മാറ്റാൻ സാധ്യമല്ല എന്നാണ് വിവരിച്ചിട്ടുള്ളത്. കെട്ടിടം നിലവിൽ നിർമ്മാണം പൂർത്തീകരിച്ചതാണെന്ന് സർക്കാർ വൃത്തങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ശ്രമങ്ങൾ നടത്തിയിരുന്നോയെന്ന് വ്യക്തതയില്ല. ഈ വിഷയത്തിൽ ഇനിയെന്തു നടപടിയാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന വിവരവും, ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികളും അറിയിക്കേണ്ടതാണ്. നിയമവിരുദ്ധമായി കെട്ടിട നിർമ്മാണം നടത്തുന്നതിന് തീരുമാനമെടുത്ത ഭരണകർത്താക്കളും ജീവനക്കാരുമാണ് ഈ നഷ്ടത്തിന് യഥാർത്ഥ ഉത്തരവാദികൾ. ഇവർക്കെതിരെ നിയമപരമായി എന്ത് നടപടി സ്വീകരിക്കാനാവുമെന്ന് പരിശോധിക്കേണ്ടതാണ്. ആശുപത്രിയുടെ സുഗമമായി പ്രവർത്തനത്തിന് നിലവിൽ ഉപയോഗിക്കുന്ന കെട്ടിടം പര്യാപ്തമല്ലാത്തതിനാൽ ആയതിന് എന്തു ബദൽ സംവിധാനം ഒരുക്കാൻ സാധിക്കുമെന്നതു സംബന്ധിച്ച വിവരവും അറിയിക്കേണ്ടതാണ്.

## 1-26 സിംഗിൾ ടെണ്ടർ നിരസിച്ചതും മറ്റപാകതകളും

നിർവ്വഹണം : അസി.എഞ്ചിനീയർ

പ്രോജക്ട് : 22/23 അംഗൻവാടികളുടെ നവീകരണം

അടങ്കൽ : 796000/-(300000/-തനതുഫണ്ട്,4,96,000/-സംരക്ഷണഗ്രാന്റ് റോഡിതരം)

ചെലവ് : 495933/-ബിൽ നം.395/28.3.23

പഞ്ചായത്ത് പരിധിയിലുള്ള കുറുങ്ങോട്ടുമ്മൽ അംഗൻവാടിയുടെ നവീകരണമാണ് ഈ പദ്ധതി മുഖേന നടന്നിട്ടുള്ളത്. 4,96,000/-രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളാണ് ഇതു മുഖേന നടത്തിയിട്ടുള്ളത്. ഫയലിൽ ലഭ്യമായ 16.2.23 ലെ ഭരണസമിതിയുടെ 20/2023 തീരുമാനത്തിൽ ഈ പദ്ധതി ഇ-ടെണ്ടർ നടത്തിയെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ, പദ്ധതിയുടെ അടിയന്തിര സാഹചര്യം പരിഗണിച്ചും, അങ്കണവാടിയുടെ ശോചനീയാവസ്ഥ പരിഗണിച്ചും നിലവിൽ അംഗീകാരം ലഭിച്ച എസ്റ്റിമേറ്റ് ക്യാൻസൽ ചെയ്ത് റീകാസ്റ്റ് ചെയ്യുന്നതിനും, അടുത്ത പദ്ധതി ഭേദഗതി സമയം ഉള്ളടക്കത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കിയ 4,96,000/-രൂപയുടെ എസ്റ്റിമേറ്റിലാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്.

ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല. ആദ്യം നടത്തിയ ഇ-ടെണ്ടർ രേഖകൾ പ്രകാരം 676521/- രൂപയുടെ (എസ്റ്റിമേറ്റ് പി.എ.സി.)പ്രവൃത്തിയാണ് ടെണ്ടർ നടത്തിയത്. പിന്നീട് ഇത് 420302.19 രൂപയായി കുറച്ചപ്പോൾ ഏതൊക്കെ പ്രവൃത്തികളാണ് ഒഴിവാക്കിയതെന്ന് വ്യക്തമല്ല. ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല.

ഭരണസമിതി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കിയ രണ്ടാമത്തെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി 25.2.23 ന് ടെണ്ടർ നടത്തിയപ്പോൾ വിനോദ്കുമാർ എന്നയാൾ 2.2% കുറവ് നിരക്ക് രേഖപ്പെടുത്തിയെങ്കിലും, സിംഗിൾ ടെണ്ടറായതിനാൽ ടെണ്ടർ അംഗീകരിക്കാതെ 7.3.23 റീടെണ്ടർ നടത്തുകയും അതിൽ ലഭിച്ച എം.കെ. കുഞ്ഞാമു എന്നയാളുടെ എസ്റ്റിമേറ്റ് നിരക്കിലുള്ള സിംഗിൾ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ആദ്യ ടെണ്ടറിൽ ലഭിച്ച സിംഗിൾ ടെണ്ടർ കുറഞ്ഞ നിരക്കായിരുന്നിട്ടും അംഗീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവ് (പി)324/2015/Fin, തിയ്യതി 30.7.2015 യിൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി ലഭിക്കുന്ന സിംഗിൾ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 4(b)പ്രകാരം ഇത്തരത്തിൽ സിംഗിൾ ടെണ്ടർ ലഭിച്ചാൽ ഒന്നുകിൽ റീടെണ്ടർ ചെയ്യുകയോ അല്ലെങ്കിൽ ടെണ്ടർ കാലയളവ് 15 ദിവസം കൂട്ടി നൽകി കൂടുതൽ ടെണ്ടർ ലഭ്യമാകാനുള്ള സാധ്യത ആരായാവുകയോ ചെയ്യാവുന്നതാണ്. റീടെണ്ടർ ചെയ്യാനാണ് തീരുമാനിക്കുന്നതെങ്കിൽ അതിനു മുമ്പായി ടെൻഡർ ക്ഷണിക്കുന്ന അതോറിറ്റി ആദ്യ ടെണ്ടറിൽ വേണ്ടത്ര ടെണ്ടർ ലഭിക്കാത്തതിന്റെ കാരണം(ങ്ങൾ) വിശകലനം ചെയ്യുകയും യഥാർത്ഥ ടെൻഡറിന്റെ നിബന്ധനകളിൽ ഏതെങ്കിലും നിയന്ത്രിത ക്ലോസുകൾ / വ്യവസ്ഥകൾ ഉണ്ടായിരുന്നോയെന്ന് പരിശോധിക്കേണ്ടതുമാണ്. റീടെണ്ടറിന് വേണ്ടത്ര പബ്ലിസിറ്റി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, കരാറുകാർക്ക് ഇ-മെയിൽ മുഖേനയോ എസ്.എം.എസ് മുഖേനയോ അറിയിപ്പുകൾ നൽകാവുന്നതുമാണ്. റീടെണ്ടറിലും സിംഗിൾ ടെണ്ടർ ലഭിക്കുകയാണെങ്കിൽ ആയതിൻമേൽ ഭരണസമിതി അന്തിമ തീരുമാനം എടുക്കുന്നതിനു മുമ്പ് ന്യായമായതും മതിയായതുമായ നിരക്കിന്റെ മത്സരം ഉണ്ടായിട്ടുണ്ടെന്ന ടെണ്ടറിന്റെ അടിസ്ഥാന ലക്ഷ്യം ഉറപ്പാക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വിവരിക്കുന്നു. ഈ നടപടികൾ സ്വീകരിക്കാതെയാണ്/വിശകലനം ചെയ്യാതെയാണ് റീടെണ്ടർ ചെയ്യാൻ തീരുമാനിച്ചതെന്ന് എസ്റ്റിമേറ്റ് നിരക്കിൽ കുറഞ്ഞ ടെണ്ടർ നിരസിച്ചതിൽ നിന്നും വ്യക്തമാകുന്നു. ആദ്യ ടെണ്ടർ നിരസിച്ചതിനാൽ 10911/- രൂപയുടെ അധിക ചെലവ് (ആകെ ചെലവിന്റെ 2.2% കണക്കാക്കിയാൽ) പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

ഫയലിൽ സൂക്ഷിച്ചിരിക്കുന്ന രണ്ടാമത്തെ കരാറുകാരന്റെ ടെണ്ടർ ഫോറത്തിൽ ഫോറം വിതരണ തിയ്യതി 24.2.23 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതേ തിയ്യതിയിലാണ് ആദ്യ കരാറുകാരനും ടെണ്ടർ ഫോറം വാങ്ങിയത്. 7.3.23 ലെ ടെണ്ടറിന് ആദ്യ ടെണ്ടറിന് ഇഷ്യൂ ചെയ്ത ടെണ്ടർ ഫോറം ഉപയോഗപ്പെടുത്തിയതിന്റെ സാംഗത്യം വ്യക്തമല്ല. ഇതു സംബന്ധിച്ച് കൂടുതൽ പരിശോധന നടത്തിയപ്പോൾ ആദ്യ ടെണ്ടറിനായി മൂന്നു പേർ ടെണ്ടർ ഫോറം വാങ്ങിയിരുന്നതായും (വിനോദ്കുമാർ, കുഞ്ഞാമു, അസീസ്), എന്നാൽ ഒരാൾ മാത്രം ടെണ്ടർ ഫോറം തിരികെ സമർപ്പിച്ചതായും മനസ്സിലാകുന്നു. റീ ടെണ്ടറിനായി കുഞ്ഞാമു മാത്രമാണ് ഫോറം വാങ്ങിയത്. ഇതിൽ നിന്നും പഞ്ചായത്തിലെ സ്ഥിരം കരാറുകാരായ അസീസ്, കുഞ്ഞാമു എന്നിവർ മൂന്നാമത്തെയാളുടെ കുറവു നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കാനായി മനഃപൂർവ്വം ആദ്യ ടെണ്ടർ സമർപ്പിക്കാതിരുന്നതായിരിക്കാമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

പ്രവൃത്തിയുടെ എസ്റ്റിമേറ്റും അളവു പുസ്തകവും പരിശോധിച്ചതിൽ അങ്കണവാടിയുടെ മുകളിലെ ഹാൾ നിർമ്മാണത്തിന് ചുമർ കെട്ടുന്നതിനും, കോമ്പൗണ്ട് വാൾ കെട്ടുന്നതിനും ഉൾപ്പെടുത്തിയത് പ്രൈസിലെ ഇനം 50.6.1.3 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ രണ്ടാം നിലക്കു മുകളിൽ അഞ്ചാം നില വരെയുള്ള നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്ന ഇനമാണിതെന്ന് കാണാം. ഈയിനത്തിൽ ഉപയോഗപ്പെടുത്തുന്നത് 40 X 20 X 20 വലുപ്പത്തിലുള്ള സോളിഡ് ബ്ലോക്കുകളാണ്.

കോമ്പൗണ്ട് വാൾ നിർമ്മാണത്തിനും, ഒന്നാം നിലയുടെ നിർമ്മാണത്തിനും ഈയിനം ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. കൂടാതെ അളവു പുസ്തകം (ഇ എം ബുക്ക്) പ്രകാരം കോമ്പൗണ്ട് വാളിന്റെ കനം 15 Cm ആണ്. 20 Cm കനത്തിലുള്ള ബ്ലോക്കുപയോഗിച്ച് 15 Cm കനത്തിൽ കോമ്പൗണ്ട് വാൾ നിർമ്മിച്ചതെങ്ങനെയെന്ന് വ്യക്തമല്ല. ഓഡിറ്റിന്റെ ഭാഗമായി അങ്കണവാടി നേരിൽ സന്ദർശിച്ചപ്പോൾ, കോമ്പൗഡ് വാളിന്റെ കനം പ്ലാസ്റ്ററിംഗ് ഉൾപ്പെടെ 17 Cm ആണെന്ന് കണ്ടു. അതുകൊണ്ടു തന്നെ ഇതിനു ഉപയോഗപ്പെടുത്തിയിട്ടുണ്ടാകുക 15 Cm കനത്തിലുള്ള സോളിഡ് ബ്ലോക്കാണ്. എസ്റ്റിമേറ്റിലുൾപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി നിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും, തെറ്റായ ഇനം (രണ്ടാം നിലയുടെ മുകളിലേയ്ക്കുള്ള ഇനം) ഉൾപ്പെടുത്തിയതിനാലും, കനം കുറഞ്ഞ ബ്ലോക്ക് ഉപയോഗപ്പെടുത്തിയതിനാലും ഉണ്ടായ അധിക ചെലവ് കണക്കാക്കി കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതുമാണ്.

നേരിൽ പരിശോധനയിൽ പദ്ധതിയിൽ നടത്തിയ ഒന്നാം നിലയുടെ നിർമ്മാണം അപൂർണ്ണമാണെന്നും, ഫിനിഷിംഗ് പ്രവൃത്തികളും വൈദ്യുതീകരണവും നടത്താത്തിനാൽ പ്രസ്തുത ഭാഗം ഉപയോഗപ്പെടുത്തിയിട്ടില്ലെന്നും മനസ്സിലാകുന്നു. കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് തുടർവർഷത്തിൽ പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല. ഇതിൽ നിന്നും അങ്കണവാടിയുടെ കാര്യത്തിൽ യാതൊരു അടിയന്തിര സാഹചര്യവും ഉണ്ടായിരുന്നില്ലെന്നും, ഇ-ടെണ്ടർ നടപടി ഒഴിവാക്കാനായി എസ്റ്റിമേറ്റ് തുക കുറയ്ക്കുന്നതിനു വേണ്ടിയാണ് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തതെന്നും, പദ്ധതിപണം ചെലവാക്കുന്നതിനുപരി സേവനങ്ങൾ ഉറപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്ത് ശ്രദ്ധക്കുറവുണ്ടെന്നും ഓഡിറ്റ് മനസ്സിലാക്കുന്നു.

മേൽ വിവരിച്ച കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾ വിശദീകരിക്കേണ്ടതും, പഞ്ചായത്തിനുണ്ടായ അധിക ചെലവ് കണക്കാക്കി തുക ഈടാക്കി അറിയിക്കേണ്ടതുമാണ്. നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 കാലിത്തീറ്റ സബ്സിഡി - ക്ഷീരോത്പാദക സംഘങ്ങൾക്ക് അധിക നിരക്കിൽ തുക നൽകി -പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

നിർവ്വഹണം : ഡയറി ഫാം ഇൻസ്പെക്ടർ

പ്രോജക്ട് നമ്പർ : 114/23

അടങ്കൽ : 20,26000/-(വികസനഫണ്ട് ജനറൽ 663000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം 300000/-

ജില്ലാ പഞ്ചായത്ത് വിഹിതം 50000/-

ഗുണഭോക്തൃ വിഹിതം 1013000/-)

ഈ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലെ കറവപശുക്കളുള്ള ക്ഷീര കർഷകർക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ പ്രധാന ക്ഷീരോത്പാദക സംഘമായ പെരുമണ്ണ ക്ഷീരോത്പാദക സഹകരണ സംഘം മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തിയിരിക്കുന്നത്. ഇതിനായി ഓഡിറ്റ് വർഷം ആകെ 9,90,390/-രൂപ ചെലവഴിച്ചു. കേരള ഫീഡ്സ്, മിൽമ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും സംഘം കാലിത്തീറ്റ വാങ്ങുകയും, ഈ തീറ്റ കർഷകർക്ക് വിതരണം ചെയ്തതിന്റെ വിശദാംശവും(ഓരോ കർഷകനും വിൽപ്പന നടത്തിയതിന്റെ ബിൽ), സംഘം മേൽ സ്ഥാപനങ്ങളിൽ നിന്നും കാലിത്തീറ്റ വാങ്ങിയതിന്റെ ഇൻവോയ്സും നിർവ്വഹണോദ്യോഗസ്ഥയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് സബ്സിഡി തുക സംഘത്തിന് അനുവദിക്കുകയും ചെയ്യുന്നതാണ് പദ്ധതി നിർവ്വഹണ രീതി. പദ്ധതി ഫയലും, മേൽ രേഖകളും പരിശോധിച്ചതിൽ സംഘം കേരള ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ കർഷകർക്ക് വിൽപ്പന നടത്തുകയും, ഈ ഉയർന്ന നിരക്കിന്റെ 50% സബ്സിഡിയായി സംഘം കൈപ്പറ്റുകയുമാണുണ്ടായതെന്ന്

കാണുന്നു.

മിൽമയുടെ ഇൻവോയ്സുകളിൽ കാലിത്തീറ്റയുടെ MRP 1550 രൂപ എന്നും, സംഘത്തിന് നൽകുന്ന നിരക്ക് 1420 രൂപയെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. സൊസൈറ്റി സ്റ്റാഫിന്റെ ഹാന്റലിംഗ് ചാർജ്ജ് ഒരു ചാക്കിന് 10 രൂപയാണെന്നും ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കേരള ഫീഡ്സിന്റെ ഇൻവോയ്സിൽ സംഘത്തിന് നൽകിയ നിരക്ക് മാത്രമാണ്(ഒരു മെട്രിക് ടണ്ണിന് – 25660, ഒരു ചാക്കിന് – 1283) രേഖപ്പെടുത്തിയിട്ടുള്ളൂ. ഇത്തരത്തിൽ സംഘം വാങ്ങിയ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനാൽ കേരള ഫീഡ്സിൽ നിന്നും വാങ്ങിയ ഓരോ ചാക്കിലും 107 രൂപയുടേയും, മിൽമയിൽ നിന്നും വാങ്ങിയ ഓരോ ചാക്കിനും 130 രൂപയുടെയും ലാഭം സംഘത്തിനുണ്ടായി. ഇതിൽ 50% സബ്സിഡിയായി പഞ്ചായത്തും നൽകി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ബിൽ തുക/ബിൽ നം/തിയ്യതി | കാലിത്തീറ്റ വിതരണം ചെയ്ത സ്ഥാപനം | നൽകിയ സബ്സിഡി വിവരം ഗുണഭോക്താക്കൾക്ക് നൽകിയ നിരക്കിൽ (ചാക്കിന്റെ എണ്ണം X നിരക്ക്) | ഇൻവോയ്സ് പ്രകാരം സംഘം സ്ഥാപനത്തിന് നൽകിയ നിരക്ക്/തുക | ക്ഷീരോത്പാദന സഹകരണ സംഘത്തിന് നൽകേണ്ട സബ്സിഡി 50% | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | 145950/-ബിൽ നം.201/30.1.23 | കേരള ഫീഡ്സ് | 210 X 1390 =291900<br>50% =145950 | 210x 1283 =269430 | 134715 | 11235 |
| 2 | 69750/-ബിൽ സാൻക്ഷൻ നം.199/30.1.23 | മിൽമ | 90x1550=139500<br>50% =69750 | 90x1420=127800 | 63900 | 5850 |
| 3 | 18070/-ബിൽ സാൻക്ഷൻ നം.227/14.2.23 | കേരള ഫീഡ്സ് | 26x1390=36140<br>50% =18070 | 26x1283=33358 | 16679 | 1391 |
| 4 | 104250/-ബിൽ സാൻക്ഷൻ നം.254/3.3.23 | കേരള ഫീഡ്സ് | 150x1390=208500<br>50% =104250 | 150x1283=192450 | 96225 | 8025 |
| 5 | 9300/-ബിൽ സാൻക്ഷൻ നം.255/3.3.23 | മിൽമ | 12x1550=18600<br>50% =9300 | 12x1420=17040 | 8520 | 780 |
| 6 | 104250/-ബിൽ സാൻക്ഷൻ നം.289/15.3.23 | കേരള ഫീഡ്സ് | 150x1390=208500<br>50% =104250 | 150x1283=192450 | 96225 | 8025 |
| 7 | 130960/-ബിൽ നം.360/28.3.23 | കേരള ഫീഡ്സ് | 68x1390=94520<br>50% =47260 | 68x1283=87244 | 43622 | 3638 |
| | | മിൽമ | 108x1550=167400<br>50% =83700 | 108x1420=153360 | 76680 | 7020 |
| 8 | 117230/-ബിൽ നം.361/28.3.23 | മിൽമ | 94x1400=131600<br>50% =65800 | 94x1420=133480 | 66740 | -940 |
| | | കേരള ഫീഡ്സ് | 74x1390=102860<br>50% =51430 | 74x1283=94942 | 47471 | 3959 |
| 9 | 209890/-ബിൽ | കേരള ഫീഡ്സ് | 302x1390=419780 | 302x1283=387466 | 193733 | 16157 |

| | | | | | | |
|---|---|---|---|---|---|---|
| | നം.357/28.3.23 | | 50% =209890 | | | |
| 10 | 58970/-ബിൽ നം.363/28.3.23 | കേരള ഫീഡ്സ് | 84x1390=116760<br>50% =58380 | 84x1283=107772 | 53886 | 4494 |
| | | മിൽമ | ലഭ്യമായ തുകയ്ക്കനുസരിച്ച് ഒരു ഗുണഭോക്താവിന് 590/-രൂപ മാത്രം നൽകി | | | |
| 11 | 21750/-ബിൽ സാൻക്ഷൻ നം.386/28.3.23 | | 30x1390=41700<br>50% =20850 | 30x1283=38490 | 19245 | 1605 |
| | | | ലഭ്യമായ തുകയ്ക്കനുസരിച്ച് ഒരു ഗുണഭോക്താവിന് 900/-രൂപ മാത്രം നൽകി | | | |
| | 990390/- | | | | | 71239/- |

മുകളിൽ വിവരിച്ച രീതിയിൽ സംഘം വാങ്ങിയതിനേക്കാൾ ഉയർന്ന നിരക്കിന് സബ്സിഡി തുക നൽകാനുണ്ടായ സാഹചര്യം വ്യക്തമല്ല. പഞ്ചായത്തിൽ മുൻവർഷം ഈ പദ്ധതി വെറ്ററിനറി സർജ്ജനാണ് നിർവ്വഹണം നടത്തിയത്. ഓഡിറ്റിന്റെ ഭാഗമായി പ്രസ്തുത ഫയൽ പരിശോധനാ വിധേയമാക്കിയപ്പോൾ, മുൻവർഷം ഗുണഭോക്തൃ വിഹിതം നിർവ്വഹണോദ്യോഗസ്ഥൻ പിരിച്ചെടുക്കുകയും, സംഘം മുഖേന കാലിത്തീറ്റ വിതരണം നടത്തിയ ശേഷം സബ്സിഡി തുകയും, ഗുണഭോക്തൃ വിഹിതവും ബില്ലുകൾ മുഖാന്തിരം കാലിത്തീറ്റ വിതരണം നടത്തിയ സ്ഥാപനത്തിന് (കേരള ഫീഡ്സ്) നൽകുകയുമാണ് ചെയ്തിരുന്നതെന്ന് വ്യക്തമായി. ഇപ്രകാരം സ്ഥാപനത്തിന് തുക നൽകിയപ്പോൾ യഥാർത്ഥ വിതരണ നിരക്കിൽ തന്നെ കർഷകർക്ക് ആയത് ലഭ്യമായി. കാലിത്തീറ്റ സംഘം മുഖേന വിതരണം ചെയ്യുന്നതിന് കൈകാര്യ ചെലവായി ഒരു ചാക്കിന് 30രൂപ നിരക്കിൽ കേരള ഫീഡ്സ് സംഘത്തിന് നൽകുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥന് സ്ഥാപനം നൽകിയ കത്തിൽ വിശദീകരിച്ചിട്ടുണ്ട്. തൻവർഷം ആകെ വിതരണം നടത്തിയ കാലിത്തീറ്റ ചാക്കിന്റെ കണക്ക് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകിയ പക്ഷം ഈ തുക സംഘത്തിന് ലഭിച്ചിട്ടുമുണ്ടാകും. ഇത്തരത്തിൽ ഹാന്റലിംഗ് ചാർജ്ജായി കേരള ഫീഡ്സും, മിൽമയും യഥാക്രമം 30, 10 രൂപ നൽകുന്ന സാഹചര്യത്തിലാണ് സംഘം വാങ്ങിയ നിരക്കിനേക്കാളും ഉയർന്ന നിരക്കിൽ കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതും, ഉയർന്ന സബ്സിഡി കൈപ്പറ്റിയതും. പഞ്ചായത്തിന്റെ സേവന പദ്ധതി മുഖേന ക്ഷീരോത്പാദക സംഘത്തിന് ലക്ഷങ്ങളുടെ ലാഭമുണ്ടായിട്ടുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു.

സംഘത്തിനുണ്ടായ യഥാർത്ഥ ചെലവിന് ആനുപാതികമായി സബ്സിഡി അനുവദിക്കുന്നതിനു പകരം കൂടുതൽ തുക സബ്സിഡിയായി നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. യഥാർത്ഥ ചെലവിനേക്കാൾ ഉയർന്ന നിരക്കിൽ സബ്സിഡി നൽകിയത് സംഘത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അധികമായി നൽകിയ സബ്സിഡി തുക 71,239/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക ഈടാക്കി ബന്ധപ്പെട്ട ഫണ്ടുകളിൽ അടവാക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതാണ്.

### 1-28 പാലിയേറ്റീവ് കെയർ-രേഖകൾ സൂക്ഷിപ്പിലെയും പി.എം.സി യോഗം ചേരുന്നതിലെയും അപാകതകൾ

നിർവഹണം : മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി )

പ്രൊജക്ട് : പാലിയേറ്റീവ് കെയർ

പ്രൊജക്ട് നമ്പർ : 32/22-23

| ഫണ്ട് | വികസനഫണ്ട് (ജനറൽ) | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
|---|---|---|
| അടങ്കൽ | 784400 | 200000 |

| | | |
|---|---|---|
| ചെലവ് | 784400 | 200000 |

പ്രോജക്ട് ഫയൽ, രജിസ്റ്ററുകൾ അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ വികസന ഫണ്ടിൽ (ജനറൽ) നിന്ന് ചെലവായ താഴെ പറയുന്ന തീയതികളിലെ ബില്ലുകൾ, ചെലവ് വൗച്ചറുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| പ്രൊസീഡിംഗ്സ് നമ്പർ/ ബിൽ സാങ്ഷൻ നമ്പർ | തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 25 / 22-23 | 06.07.2022 | 53,203 | ചെലവ് വൗച്ചറുകൾ ഇല്ല |
| 31 / 22-23 | 21.07.2022 | 14,112 | ചെലവ് വൗച്ചറുകൾ ഇല്ല |
| 415 / 22-23 | 30.03.2023 | 43,878 | ബിൽ, ചെലവ് വൗച്ചറുകൾ ഇല്ല |
| 417 / 22-23 | 30.03.2023 | 35,000 | 9500 രൂപയുടെ വൗച്ചർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് |

പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനായി സ.ഉ(സാധാ) നം.553/2019/തസ്വഭവ തിയ്യതി 07.03.2019 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖ.2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിനും മുൻപും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ടു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണമോ യോഗം ചേരേണ്ടതാണ്. ഇതിൽ ഓരോ മാസത്തെ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി(മെഡിക്കൽ ഓഫീസർ-പി.എച്ച്.സി) അവതരിപ്പിക്കേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി അത് അംഗീകരിക്കേണ്ടതുമാണ്. പരിശോധനയ്ക്ക് ഹാജരാക്കിയ മിനിട്സ് ബുക്ക് പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി 2022-23 വർഷത്തിൽ 24.06.2022, 29.07.2022, 06.12.2022 തീയതികളിൽ മാത്രമാണ് യോഗം ചേർന്നത്. ഇതിൽ പ്രവർത്തനാവലോകനം നടത്തുകയുണ്ടായെങ്കിലും വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി അവതരിപ്പിച്ച് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ഇവിടെ രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിർദ്ദേശം പാലിക്കുകയുണ്ടായിട്ടില്ല.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ യോഗം ചേരാത്തതിനും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങാത്തതിനും വിശദീകരണം നൽകേണ്ടതും മുഴുവൻ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. ചെലവ് രേഖകളുടെ അഭാവത്തിൽ 1,36,693 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1 -29 പകൽ വീട് , ബഡ്സ് സ്കൂൾ എന്നീ സ്ഥാപനങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ - പഞ്ചായത്തിന് അധിക ചെലവ്

പകൽ വീട്, ബഡ്സ് സ്കൂൾ എന്നീ സ്ഥാപനങ്ങളിൽ ഭക്ഷണ വിതരണത്തിനായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി പ്രസ്തുത പദ്ധതികളിലെ പാചകവാതക ചെലവു വിശദാംശം പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷനാണുള്ളതെന്ന് കാണുന്നു. പഞ്ചായത്തിന്റെ സാമ്പത്തിക നില വളരെ പിന്നോക്കം നിൽക്കുന്ന അവസ്ഥയിലും ഈ വിധത്തിലുള്ള അധിക ചെലവ് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ലാഭേച്ഛയില്ലാതെ തികച്ചും സേവനാടിസ്ഥാനത്തിൽ പ്രവൃത്തിക്കുന്ന പകൽ വീട്, ബഡ്സ് സ്കൂൾ എന്നീ സ്ഥാപനങ്ങളിൽ ഗാർഹിക നിരക്കിലുള്ള സിലിണ്ടറിനായി അപേക്ഷ നൽകുകയോ, ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/2022-23/08.11.2023) ലഭ്യമാക്കിയ മറുപടി പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിലെ ഗ്യാസ് കണക്ഷൻ വാണിജ്യാവശ്യത്തിനുള്ളത് മാറ്റി ഗാർഹികാവശ്യത്തിനുള്ള കണക്ഷൻ ആക്കി മാറ്റുന്നതിനുള്ള അപേക്ഷ കെയർ ടേക്കർമാർ മുഖേന ഗ്യാസ് എജൻസിക്ക് 8.11.2023 ന് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ മാറ്റി ഗാർഹിക ആവശ്യത്തിനുള്ള കണക്ഷനാക്കി തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-30 പകൽവീട് തുടർപ്രവർത്തനത്തിലെ അപാകത

ഗ്രാമപഞ്ചായത്തിൽ പ്രശംസനീയമാർഹമായ രീതിയിൽ പകൽ വീട് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ ഹാജർ രജിസ്റ്റർ പരിശോധിച്ചതിൽ കെയർ ടേക്കറും, വയോജനങ്ങളായ 10 പേരും മിക്കവാറും സ്ഥാപനത്തിൽ ഹാജരാവുന്നുണ്ട്. സ്ഥാപനത്തിൽ അടിസ്ഥാന സൗകര്യങ്ങളും, ഭക്ഷണ വിതരണം എന്നീ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടെങ്കിലും ചില പോരായ്മകൾ ഉള്ളതായി കാണുന്നു.

08.11.2023 ന് ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സ്ഥാപനം നല്ലനിലയിൽ പ്രവർത്തിക്കുന്നതായി കണ്ടു. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ കുഴൽ കിണർ നിർമ്മിച്ചിട്ടുണ്ടെങ്കിലും, മോട്ടോർ സ്ഥാപിക്കാത്തതിനാൽ ഇത് ഉപകാരപ്രദമായിട്ടില്ല. കൂടാതെ ടെലിവിഷൻ ഉണ്ടെങ്കിലും കേബിൾ കണക്ഷൻ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രവർത്തന സജ്ജമല്ല. പുറത്തുള്ള വാഷ് ബേസിൻ നിലത്ത് വീണ് കിടക്കുന്നതായും, അടുക്കളയ്ക്ക് പുറത്തേക്ക് വാതിൽ സ്ഥാപിക്കാത്തതായും, ടോയ്‌ലറ്റ് ഡോറിന് ലോക്ക് ഇല്ലാത്തതായും കണ്ടു. തുടർ പ്രവർത്തനങ്ങൾക്ക് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (24/2022 – 23/09.11.2023)ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം മോട്ടോർ വെയ്ക്കുന്നതിന് 2023 -24 ൽ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-31 ബയോഫാർമസി - പ്രവർത്തിക്കുന്നില്ല

ട്രൈക്കോഡർമവാം സമ്പുഷ്ടീകരിച്ച് ജൈവവള നിർമ്മാണത്തിനും ജൈവകീടനാശിനി നിർമ്മാണത്തിനും കർഷകർക്ക് പരിശീലനം നൽകുകയും യൂണിറ്റ് ആരംഭിക്കുകയും ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബയോഫാർമസി |
| പ്രോജക്ടിന്റെ നമ്പർ | S0199//23 |

| | |
|---|---|
| വകയിരുത്തിയ തുക | 10000/- |
| ചെലവ് തുക | 10000/- |
| ബിൽസാങ്ഷൻനം./തീയതി/ തുക | 350/22-23/ 27/03/2023 - 10,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷിഓഫീസർ |

പദ്ധതി പ്രകാരം മേൽ ബില്ലിൽ സുമ ഇ.കെ എന്നയാളുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ - 67155474513) 10000/- രൂപ മാറി നൽകിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ബയോ ഫാർമസിയുടെ ബോർഡ്, ചാണകം, മമ്മട്ടി, ടാർപോളിൻ, റോസ് ക്യാൻ, ഷോവൽ എന്നിവയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 08.11.2023 ന് കൃഷിഓഫീസിലെ ജീവനക്കാരുടെ സാനിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഗ്രാമപഞ്ചായത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം പ്രവർത്തിക്കുന്നില്ലെന്ന് കണ്ടു. മമ്മട്ടി, ടാർപോളിൻ, റോസ് ക്യാൻ, ഷോവൽ എന്നിവ കൃഷിഓഫീസറുടെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായും കണ്ടു.

സ്ഥാപനം പ്രവർത്തിക്കാതിരിക്കാനും, ഏത് കുടുബശ്രീ യൂണിറ്റിന് വേണ്ടിയാണ് ബയോ ഫാർമസി എന്ന പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത് എന്ന കാര്യവും വ്യക്തമല്ല. കൂടാതെ സുമ ഇ.കെ എന്ന വ്യക്തിയുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് തുക കൈമാറുന്നതിനുണ്ടായ സാഹചര്യവും വ്യക്തമാക്കി അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (23/2022 -23/09.11.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനം പ്രവർത്തനം ആരംഭിച്ച് തുടർനടപടികൾ അറിയിക്കുന്നതുവരെ പദ്ധതിയ്ക്കായി ചെലവഴിച്ച ചെലവ് തുക 10000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു. സ്ഥാപനം പ്രവർത്തനം ആരംഭിച്ച് തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-32 മുഴവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല

നിർവ്വഹണം : മെഡിക്കൽ ഓഫീസർ ഹോമിയോ

പ്രോജക്റ്റ് നം : 27/23

അടങ്കൽ : 4,00,000/-

ചെലവ് : 4,00,000/- ബിൽ നം.87/22.10.22

ഈ പദ്ധതിയിൽ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 4,00,000/-രൂപ ഹോംകോയ്ക്ക് മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. ഹോംകോയുമായി നിർവ്വഹണോദ്യോഗസ്ഥൻ ചമച്ച കരാർ പ്രകാരം തുക കൈപ്പറ്റി ഒമ്പതു മാസത്തിനകം മരുന്നുകൾ സ്ഥാപനം വിതരണം ചെയ്യേണ്ടതാണ്. എന്നാൽ കരാറിൽ യഥാസമയം മരുന്ന് വിതരണം നടത്തിയില്ലെങ്കിൽ സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടില്ല. തുക കൈമാറി ഒരു വർഷം കഴിഞ്ഞിട്ടും ആകെ 161857/-രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ഈ മരുന്നു പോലും 2023 ആഗസ്റ്റ് മാസത്തിൽ മെഡിക്കൽ ഓഫീസർ നൽകിയ ഓർമ്മക്കുറിപ്പിനടിസ്ഥാനത്തിലാണ് ലഭിച്ചത്. ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്ന 2,38,143/-രൂപയുടെ മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഓഡിറ്റ് സമയം വീണ്ടും സ്ഥാപനത്തിന് ഓർമ്മക്കുറിപ്പ് നൽകിയതിന്റെ വിശദാംശം അറിയിക്കുകയും, 2023-24വർഷത്തിൽ 25000/-രൂപയ്ക്ക് സഹകരണ സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങുന്നതിന് പഞ്ചായത്ത് അനുമതി നൽകിയതിനാൽ ആശുപത്രിയുടെ പ്രവർത്തനത്തിന് ബുദ്ധിമുട്ടുണ്ടായിട്ടില്ലെന്നും അറിയിച്ചു. ഇനിയും ലഭ്യമാകാനുള്ള മരുന്ന് ലഭ്യമാക്കിയതിന്റെ വിവരം അറിയിക്കേണ്ടതും, തുടർവർഷങ്ങളിൽ ഹോംകോയുമായി കരാറിലേർപ്പെടുമ്പോൾ യഥാസമയം വിതരണം നടത്തിയില്ലെങ്കിൽ സ്വീകരിക്കുന്ന നടപടി/പിഴ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതുമാണ്. ലഭ്യമാകാത്ത മരുന്നിന്റെ വില 2,38,143/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-33 കാർഷികോൽപ്പന്ന സംഭരണ സംസ്കരണ മൂല്യവർദ്ധിത യൂണിറ്റ് - പദ്ധതി നടപ്പിലാക്കിയതിലെ അപാകത

കാർഷിക മേഖലയിൽ നൂതന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൃഷി ഓഫീസർ കാർഷികോൽപ്പന്ന സംഭരണ സംസ്കരണ മൂല്യവർദ്ധിത യൂണിറ്റ് എന്ന നിലയ്ക്ക് പദ്ധതി ആരംഭിക്കുന്നതിന് താൽപ്പര്യം കാണിച്ച ഫ്രണ്ട്സ് കൊപ്രാ യൂണിറ്റിനെ തെരഞ്ഞെടുത്ത് ധനസഹായം നൽകി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കാർഷികോൽപ്പന്ന സംഭരണ സംസ്കരണ മൂല്യവർദ്ധിത യൂണിറ്റ് |
| പ്രോജക്ടിന്റെ നമ്പർ | S0194//23 |
| വകയിരുത്തിയ തുക | 3,50,000/- |
| ചെലവ് തുക | 3,50,000/- |
| ബിൽസാങ്ഷൻനം./തീയതി/ തുക | 430/22-23/31/03/2023 - 3,50,000/-- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷിഓഫീസർ |

മേൽ പദ്ധതി പ്രകാരം 3,50,000/- രൂപ ധനസഹായം നൽകിയിട്ടുണ്ടെങ്കിലും ധനസഹായം നൽകിയതിന് യൂണിറ്റ് കോസ്റ്റ്, സബ്സിഡി എന്നിവ എന്ത് അടിസ്ഥാനപ്പെടുത്തിയാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. പദ്ധതി സമഗ്രമായി വിശദമാക്കിക്കൊണ്ടുള്ള പ്രോജക്ട് റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

08.11.2023 ന് ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സ്ഥാപനം നല്ലനിലയിൽ പ്രവർത്തിക്കുന്നതായി കണ്ടു. എന്നാൽ പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന് നാളിതുവരെ കെട്ടിട നമ്പർ , വ്യാപാരം ചെയ്യുന്നതിനുള്ള ലൈസൻസ് എന്നിവ അനുവദിച്ചിട്ടില്ല എന്ന് നേരിൽ അന്വേഷിച്ചതിൽ ബോദ്ധ്യമായിട്ടുണ്ട്. ധനസഹായം നൽകിയതിന് യൂണിറ്റ് കോസ്റ്റ്, സബ്സിഡി എന്നിവ എന്ത് അടിസ്ഥാനപ്പെടുത്തിയാണ് നൽകിയതെന്നും, കെട്ടിട നമ്പർ, വ്യാപാരം ചെയ്യുന്നതിനുള്ള ലൈസൻസ് എന്നിവ അനുവദിച്ചിട്ടില്ലാത്ത കെട്ടിടത്തിൽ യൂണിറ്റ് പ്രവർത്തിക്കേണ്ടി വന്ന സാഹചര്യവും വ്യക്തമാക്കി അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (22/2022 -23/09.11.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-34 കാർഷിക കർമ്മസേനയ്ക്ക് റീവോൾവിംഗ് ഫണ്ട്-പദ്ധതി പണം നിർജ്ജീവമായി സംയുക്ത അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

25 അംഗ കർമ്മസേന രൂപീകരിച്ച് രജിസ്ട്രേഷൻ നടത്തി പരിശീലനവും, യൂണിഫോമും നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കാർഷിക കർമ്മസേന |
| പ്രോജക്ടിന്റെ നമ്പർ | S0203/23 |
| വകയിരുത്തിയതുക | 50,000/- |
| ചെലവ് തുക | 50,000/- |
| ബിൽ സാങ്ഷൻ നം./തീയതി/തുക | 411/22-23/ 30/03/2023 - 50,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷിഓഫീസർ |

മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി കർമ്മസേനയുടെ പേരിലും കൃഷിഓഫീസറുടെ പേരിലും സംയുക്ത അക്കൗണ്ട് കേരള ഗ്രാമീൺ ബാങ്ക് പെരുമണ്ണ (40631101081516) തുടങ്ങി റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 50000/- രൂപ പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി പണം ഉപയോഗിച്ച് നാളിതുവരെ പദ്ധതികളൊന്നും വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടില്ല.

സ.ഉ (കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28/05/2022 ഉത്തരവ് പ്രകാരം കർഷക ഗ്രൂപ്പുകൾക്കും പാടശേഖരസമതിക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. എന്നാൽ സ്വീകരിച്ച റിവോൾവിംഗ് ഫണ്ട് വിളപ്പെടുപ്പിനുശേഷം മേൽപ്പറഞ്ഞ അക്കൗണ്ടിലേക്ക് തിരികെ നിക്ഷേപിക്കേണ്ടതും തുടർന്ന് അടുത്ത വിളയ്ക്കായി റിവോൾവ് ചെയ്യേണ്ടതുമാണ്. എന്നാൽ മാസങ്ങൾക്ക് ശേഷവും പദ്ധതി പണം നിർജ്ജീവമായി സംയുക്ത അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്.

പദ്ധതിയിൽ വിഭാവനം ചെയ്ത പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല. ആയതിനുള്ള കാരണവും പദ്ധതി പണം നിർജ്ജീവമായി സംയുക്ത അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനുള്ള കാരണവും വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (14/2022 -23/08.11.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പണം കാര്യക്ഷമമായി വിനിയോഗിച്ച് തുടർനടപടികൾ അറിയിക്കുന്നതുവരെ ചെലവ് തുക 50000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. തുടർനടപടികൾ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-35 ഡ്രൈനേജുകളുടെ നിർമ്മാണത്തിൽ ഇനങ്ങൾ തെരഞ്ഞെടുത്തതിലെ അപാകത

ഓഡിറ്റ് വർഷം നടപ്പാക്കിയ വിവിധ ഡ്രൈനേജ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ പഞ്ചായത്തിന് അധിക ചെലവുണ്ടാകും വിധമുള്ള ഇനങ്ങൾ ഉൾപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

ഫോംവർക്കിനുള്ള നിരക്ക് ഉൾപ്പെടുത്തുന്നു

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള വിവിധ കോൺക്രീറ്റ് ഡ്രൈനേജ് നിർമ്മാണങ്ങളിൽ കോൺക്രീറ്റിനായി പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങൾ മോർഡിലെ 3.5.1, 11.4.1.1, 11.4.2.1, 12.5.3 എന്നിവയാണ്. ഇതിൽ ഡ്രൈനിന്റെ ബെഡ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തിയിരിക്കുന്നത് ഐറ്റം 11.4.1.1 ആണ്. ഓഡിറ്റ് വർഷം നടപ്പാക്കിയ പ്രോജക്ടുകൾ 10/23, 4/23, 149/23, 9/23, 150/23, 54/23 എന്നിവയുടെ ഫയൽ പരിശോധിച്ചതിൽ

ഐറ്റം 3.5.1 പ്രകാരം മണ്ണെടുത്ത അതേ നീളത്തിലും, വീതിയിലുമാണ് ഡ്രൈൻ ബെഡ് കോൺക്രീറ്റ് നടന്നിട്ടുള്ളത്. അതുകൊണ്ടു തന്നെ ഈ പ്രവൃത്തികളിലൊന്നും ഫോംവർക്കിന്റെ ആവശ്യകത വേണ്ടി വന്നിട്ടില്ല. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഐറ്റം 11.4.1.1 ന്റെ നിരക്കിൽ ഫോംവർക്കിനായുള്ള 4% തുക കൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന് ഈയിനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ മനസ്സിലാകുന്നു. ഫോംവർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയിലും ഫോംവർക്കിനുള്ള നിരക്കുൾപ്പെടും വിധമുള്ള ഇനങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ സാഹചര്യം വ്യക്തമല്ല.

മണ്ണ് പ്രവൃത്തിയ്ക്ക് നിരക്ക് കൂടിയ ഇനം ഉൾപ്പെടുത്തി

മുകളിൽ വിവരിച്ച രീതിയിൽ തൻവർഷം നടത്തിയ പ്രവൃത്തികളിലെല്ലാം മണ്ണെടുക്കുന്നതിന് ഉൾപ്പെടുത്തിയ ഇനം 3.5.1 ആണ്. എന്നാൽ പ്രോജക്ട് നം 149/2, അറത്തിൽ പറമ്പ് പുളിക്കൽ താഴം റോഡ് ഡ്രൈനേജിനായി ഉൾപ്പെടുത്തിയത് ഇനം 11.1.1.1 ആണ്. ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material എന്നീ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. അളവു പുസ്തകം പ്രകാരം 0.65m താഴ്ചയിൽ മാത്രം മണ്ണെടുക്കുന്ന പ്രവൃത്തിയ്ക്ക് ഈ ഐറ്റം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

മേൽ വിവരിച്ച പ്രകാരം ഇനങ്ങൾ ഉൾപ്പെടുത്തിയ സാഹചര്യങ്ങൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സാമ്പത്തിക മിതവ്യയം ഉറപ്പാക്കേണ്ടതും, സർക്കാർ പണം സ്വന്തം പണമെന്ന ജാഗ്രതയോടെ ചെലവഴിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. ജാഗ്രതക്കുറവു മൂലമുണ്ടാകുന്ന അധിക ചെലവ് നിർവ്വഹണോദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ ഏകീകൃത സ്വഭാവമുണ്ടാകേണ്ടതും, മിതവ്യയം ഉറപ്പാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാലിത്തീറ്റ സബ്സിഡി - ക്ഷീരോത്പാദക സംഘങ്ങൾക്ക് അധിക നിരക്കിൽ തുക നൽകി -പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

നിർവ്വഹണം : ഡയറി ഫാം ഇൻസ്പെക്ടർ

പ്രോജക്ട് നമ്പർ : 114/23

അടങ്കൽ : 20,26000/-(വികസനഫണ്ട് ജനറൽ 663000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം 300000/-

ജില്ലാ പഞ്ചായത്ത് വിഹിതം 50000/-

ഗുണഭോക്തൃ വിഹിതം 1013000/-)

ഈ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലെ കറവപശുക്കളുള്ള ക്ഷീര കർഷകർക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ പ്രധാന ക്ഷീരോത്പാദക

സംഘമായ പെരുമണ്ണ ക്ഷീരോത്പാദക സഹകരണ സംഘം മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തിയിരിക്കുന്നത്. ഇതിനായി ഓഡിറ്റ് വർഷം ആകെ 9,90,390/-രൂപ ചെലവഴിച്ചു. കേരള ഫീഡ്സ്, മിൽമ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും സംഘം കാലിത്തീറ്റ വാങ്ങുകയും, ഈ തീറ്റ കർഷകർക്ക് വിതരണം ചെയ്തതിന്റെ വിശദാംശവും(ഓരോ കർഷകനും വിൽപ്പന നടത്തിയതിന്റെ ബിൽ), സംഘം മേൽ സ്ഥാപനങ്ങളിൽ നിന്നും കാലിത്തീറ്റ വാങ്ങിയതിന്റെ ഇൻവോയ്സും നിർവ്വഹണോദ്യോഗസ്ഥയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് സബ്സിഡി തുക സംഘത്തിന് അനുവദിക്കുകയും ചെയ്യുന്നതാണ് പദ്ധതി നിർവ്വഹണ രീതി. പദ്ധതി ഫയലും, മേൽ രേഖകളും പരിശോധിച്ചതിൽ സംഘം കേരള ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ കർഷകർക്ക് വിൽപ്പന നടത്തുകയും, ഈ ഉയർന്ന നിരക്കിന്റെ 50% സബ്സിഡിയായി സംഘം കൈപ്പറ്റുകയുമാണുണ്ടായതെന്ന് കാണുന്നു.

മിൽമയുടെ ഇൻവോയ്സുകളിൽ കാലിത്തീറ്റയുടെ MRP 1550 രൂപ എന്നും, സംഘത്തിന് നൽകുന്ന നിരക്ക് 1420 രൂപയെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. സൊസൈറ്റി സ്റ്റാഫിന്റെ ഹാന്റലിംഗ് ചാർജ്ജ് ഒരു ചാക്കിന് 10 രൂപയാണെന്നും ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കേരള ഫീഡ്സിന്റെ ഇൻവോയ്സിൽ സംഘത്തിന് നൽകിയ നിരക്ക് മാത്രമാണ്(ഒരു മെട്രിക് ടണ്ണിന് – 25660, ഒരു ചാക്കിന് – 1283) രേഖപ്പെടുത്തിയിട്ടുള്ളൂ. ഇത്തരത്തിൽ സംഘം വാങ്ങിയ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനാൽ കേരള ഫീഡ്സിൽ നിന്നും വാങ്ങിയ ഓരോ ചാക്കിലും 107 രൂപയുടേയും, മിൽമയിൽ നിന്നും വാങ്ങിയ ഓരോ ചാക്കിനും 130 രൂപയുടെയും ലാഭം സംഘത്തിനുണ്ടായി. ഇതിൽ 50% സബ്സിഡിയായി പഞ്ചായത്തും നൽകി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ബിൽ തുക/ബിൽ നം/തിയ്യതി | കാലിത്തീറ്റ വിതരണം ചെയ്ത സ്ഥാപനം | നൽകിയ സബ്സിഡി വിവരം ഗുണഭോക്താക്കൾക്ക് നൽകിയ നിരക്കിൽ (ചാക്കിന്റെ എണ്ണം X നിരക്ക്) | ഇൻവോയ്സ് പ്രകാരം സംഘം സ്ഥാപനത്തിന് നൽകിയ നിരക്ക്/തുക | ക്ഷീരോത്പാദന സഹകരണ സംഘത്തിന് നൽകേണ്ട സബ്സിഡി 50% | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | 145950/-ബിൽ നം.201/30.1.23 | കേരള ഫീഡ്സ് | 210 X 1390 =291900<br>50% =145950 | 210x 1283 =269430 | 134715 | 11235 |
| 2 | 69750/-ബിൽ സാൻക്ഷൻ നം.199/30.1.23 | മിൽമ | 90x1550=139500<br>50% =69750 | 90x1420=127800 | 63900 | 5850 |
| 3 | 18070/-ബിൽ സാൻക്ഷൻ നം.227/14.2.23 | കേരള ഫീഡ്സ് | 26x1390=36140<br>50% =18070 | 26x1283=33358 | 16679 | 1391 |
| 4 | 104250/-ബിൽ സാൻക്ഷൻ നം.254/3.3.23 | കേരള ഫീഡ്സ് | 150x1390=208500<br>50% =104250 | 150x1283=192450 | 96225 | 8025 |
| 5 | 9300/-ബിൽ സാൻക്ഷൻ നം.255/3.3.23 | മിൽമ | 12x1550=18600<br>50% =9300 | 12x1420=17040 | 8520 | 780 |
| 6 | 104250/-ബിൽ സാൻക്ഷൻ നം.289/15.3.23 | കേരള ഫീഡ്സ് | 150x1390=208500<br>50% =104250 | 150x1283=192450 | 96225 | 8025 |

| | | | | | | |
|---|---|---|---|---|---|---|
| 7 | 130960/-ബിൽ നം.360/28.3.23 | കേരള ഫീഡ്സ് | 68x1390=94520<br>50% =47260 | 68x1283=87244 | 43622 | 3638 |
| | | മിൽമ | 108x1550=167400<br>50% =83700 | 108x1420=153360 | 76680 | 7020 |
| 8 | 117230/-ബിൽ നം.361/28.3.23 | മിൽമ | 94x1400=131600<br>50% =65800 | 94x1420=133480 | 66740 | -940 |
| | | കേരള ഫീഡ്സ് | 74x1390=102860<br>50% =51430 | 74x1283=94942 | 47471 | 3959 |
| 9 | 209890/-ബിൽ നം.357/28.3.23 | കേരള ഫീഡ്സ് | 302x1390=419780<br>50% =209890 | 302x1283=387466 | 193733 | 16157 |
| 10 | 58970/-ബിൽ നം.363/28.3.23 | കേരള ഫീഡ്സ് | 84x1390=116760<br>50% =58380 | 84x1283=107772 | 53886 | 4494 |
| | | മിൽമ | ലഭ്യമായ തുകയ്ക്കനുസരിച്ച് ഒരു ഗുണഭോക്താവിന് 590/-രൂപ മാത്രം നൽകി | | | |
| 11 | 21750/-ബിൽ സാൻക്ഷൻ നം.386/28.3.23 | | 30x1390=41700<br>50% =20850 | 30x1283=38490 | 19245 | 1605 |
| | | | ലഭ്യമായ തുകയ്ക്കനുസരിച്ച് ഒരു ഗുണഭോക്താവിന് 900/-രൂപ മാത്രം നൽകി | | | |
| | 990390/- | | | | | 71239/- |

മുകളിൽ വിവരിച്ച രീതിയിൽ സംഘം വാങ്ങിയതിനേക്കാൾ ഉയർന്ന നിരക്കിന് സബ്സിഡി തുക നൽകാനുണ്ടായ സാഹചര്യം വ്യക്തമല്ല. പഞ്ചായത്തിൽ മുൻവർഷം ഈ പദ്ധതി വെറ്ററിനറി സർജ്ജനാണ് നിർവ്വഹണം നടത്തിയത്. ഓഡിറ്റിന്റെ ഭാഗമായി പ്രസ്തുത ഫയൽ പരിശോധനാ വിധേയമാക്കിയപ്പോൾ, മുൻവർഷം ഗുണഭോക്തൃ വിഹിതം നിർവ്വഹണോദ്യോഗസ്ഥൻ പിരിച്ചെടുക്കുകയും, സംഘം മുഖേന കാലിത്തീറ്റ വിതരണം നടത്തിയ ശേഷം സബ്സിഡി തുകയും, ഗുണഭോക്തൃ വിഹിതവും ബില്ലുകൾ മുഖാന്തിരം കാലിത്തീറ്റ വിതരണം നടത്തിയ സ്ഥാപനത്തിന് (കേരള ഫീഡ്സ്) നൽകുകയുമാണ് ചെയ്തിരുന്നതെന്ന് വ്യക്തമായി. ഇപ്രകാരം സ്ഥാപനത്തിന് തുക നൽകിയപ്പോൾ യഥാർത്ഥ വിതരണ നിരക്കിൽ തന്നെ കർഷകർക്ക് ആയത് ലഭ്യമായി. കാലിത്തീറ്റ സംഘം മുഖേന വിതരണം ചെയ്യുന്നതിന് കൈകാര്യ ചെലവായി ഒരു ചാക്കിന് 30രൂപ നിരക്കിൽ കേരള ഫീഡ്സ് സംഘത്തിന് നൽകുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥന് സ്ഥാപനം നൽകിയ കത്തിൽ വിശദീകരിച്ചിട്ടുണ്ട്. തൻവർഷം ആകെ വിതരണം നടത്തിയ കാലിത്തീറ്റ ചാക്കിന്റെ കണക്ക് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകിയ പക്ഷം ഈ തുക സംഘത്തിന് ലഭിച്ചിട്ടുമുണ്ടാകും. ഇത്തരത്തിൽ ഹാന്റലിംഗ് ചാർജ്ജായി കേരള ഫീഡ്സും, മിൽമയും യഥാക്രമം 30, 10 രൂപ നൽകുന്ന സാഹചര്യത്തിലാണ് സംഘം വാങ്ങിയ നിരക്കിനേക്കാളും ഉയർന്ന നിരക്കിൽ കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തതും, ഉയർന്ന സബ്സിഡി കൈപ്പറ്റിയതും. പഞ്ചായത്തിന്റെ സേവന പദ്ധതി മുഖേന ക്ഷീരോത്പാദക സംഘത്തിന് ലക്ഷങ്ങളുടെ ലാഭമുണ്ടായിട്ടുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു.

സംഘത്തിനുണ്ടായ യഥാർത്ഥ ചെലവിന് ആനുപാതികമായി സബ്സിഡി അനുവദിക്കുന്നതിനു പകരം കൂടുതൽ തുക സബ്സിഡിയായി നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. യഥാർത്ഥ ചെലവിനേക്കാൾ ഉയർന്ന നിരക്കിൽ സബ്സിഡി നൽകിയത് സംഘത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അധികമായി നൽകിയ സബ്സിഡി തുക 71,239/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക ഈടാക്കി ബന്ധപ്പെട്ട ഫണ്ടുകളിൽ അടവാക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 02-11-2023 മുതൽ 09-11-2023 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,00,000 | പാലിയേറ്റീവ് കെയർ | 2,00,000 |
| | 2022-23 | 21,50,000 | ലൈഫ് ഭവനപദ്ധതി ജനറൽ | 21,50,000 |
| | 2022-23 | 8,40,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 8,40,000 |
| | 2022-23 | 1,36,996 | അങ്കണവാടി അനുപൂരക പോഷകാഹാരം | 1,36,996 |
| | 2022-23 | 7,50,000 | എസ് സി ഭവന നിർമ്മാണ പദ്ധതി | 7,50,000 |
| | 2022-23 | 4,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 4,00,000 |
| | 2022-23 | 3,00,000 | കറവപ്പശുകൾക്ക് കാലിത്തീറ്റ | 3,00,000 |
| ആകെ | | 47,76,996 | | 47,76,996 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 9,70,000 | ലൈഫ് ഭവനപദ്ധതി ജനറൽ | 9,70,000 |

| | | | | |
|---|---|---|---|---|
| 2022-23 | | | | |
| | 2022-23 | 2,79,300 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,79,300 |
| | 2022-23 | 18,56,540 | എസ് സി ഭവന നിർമ്മാണ പദ്ധതി | 18,56,540 |
| | 2022-23 | 1,79,978 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,79,978 |
| | 2022-23 | 27,370 | കറവപ്പശുകൾക്ക് കാലിത്തീറ്റ | 27,370 |
| ആകെ | | 33,13,188 | | 33,13,188 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പുതുതായി ലൈൻ വലിച്ച പ്രദേശത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (പ്രൊ. 103/21-22) | 2021-22 173/15.01.22, 174/15.01.22 | 41937 | -- | 41937 |
| പൊ.മ.വ (ഇലക്ട്രിക്കൽ) | തെക്കെ വള്ളിക്കുന്ന് കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ (പ്രൊ. 105/21-22) | 0103012 / 27.03.22 | 288450 | -- | 288450 |
| പൊ.മ.വ (ഇലക്ട്രിക്കൽ) | ഓഫീസ് ഘടകസ്ഥാപനം ഇലക്ട്രിഫിക്കേഷൻ (പ്രൊ. 212/21-22) | 367/22.03.22 | 170670 | -- | 170670 |
| പൊ.മ.വ (ഇലക്ട്രിക്കൽ) | ഓഫീസ് ഘടകസ്ഥാപനം ഇലക്ട്രിഫിക്കേഷൻ (പ്രൊ. 213/21-22) | 367/22.03.22 | 151000 | -- | 151000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം: | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം /ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| - ഇല്ല - | | | | | | |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി 2018-19 | സ.ഉ (സാധാ) നം. 68/2018 തീ. 18/05/2018 | 8083728 | 5311728 | 1649386 | | 3662342 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | - ഇല്ല - |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./ തീയതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 103360 | വസ്തു നികുതി, 4/64 A | 1220102013, 16.07.2022 |
| 2020-21 | 1-13 (2) | 3959 | കുഞ്ഞാമു എം.കെ. | 1220102009, |

| | | | | |
|---|---|---|---|---|
| | | | കോൺട്രാക്ടർ | 16.07.2022 |
| | | 107319 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-6 | 2005-06 | 2.70.1.5.3 | നിക്ഷേപ വേലകൾ | |
| 2002-03 | 3-12 | 2005-06 | 2.70.1.8.4 | കുടിവെള്ള പദ്ധതി | |
| 2003-04 | 3-3 | 2006-07 | 3.79.6.4 | മണൽ വില്പന | |
| 2003-04 | 3-4 | 2006-07 | 3.79.10.3 | കുടിവെള്ള പദ്ധതികൾ | |
| 2003-04 | 2-1 | 2006-07 | 3.79.1 | തനത് വരവ് കാലഹരണം | |
| 2003-04 | 3-6 | 2006-07 | 3.79.19 | പൊതു മരാമത്ത് പണികൾ | |
| 2014-15 | 2-3 | 2016-17 | 4.2.8 അനുബന്ധം 4 | തൊഴിൽ നികുതി | |
| 2015-16 | 2-6 | 2016-17 | അനുബന്ധം 5 | | |
| | | 2014-15 | 4.2.8 | റിവർ മാനേജ്മെന്റ് ഫണ്ട് | |
| | | 2014-15 | 4.2.5 | മണൽ വില്പന | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയുടെ പേര് | തുക | തുക അടവാക്കിയതിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55,227,527 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45,718,675 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 71239 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 934836 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3 – 1 | - ഇല്ല - | 71,239 | ഡോ റുമൈസ ഡയറിഫാം ഇൻസ്ട്രക്ടർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1 – 21 | 5,00,000 | ഡോ: മിഥുല പി, വെറ്ററിനറി സർജൻ |
| 1 – 28 | 67,315 | ഡോ: രേഖ ആർ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| | 69,398 | ഡോ: രാധിക കെ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1 – 31 | 10,000 | ശ്രീമതി സന്ധ്യ പി.ടി, കൃഷിഓഫീസർ |
| 1 – 32 | 2,38,143 | ഡോ: ഷംഷീർ, മെഡിക്കൽ ഓഫീസർ (ഹോമിയോ), |
| 1 – 34 | 50,000 | ശ്രീമതി സന്ധ്യ പി.ടി, കൃഷിഓഫീസർ |
| ആകെ | 9,34,836 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല –

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ: മിഥുല പി, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, പെരുമണ്ണ ഗ്രാമപഞ്ചായത്ത് | ഫീൽഡ് വ്യൂ കോളനി, ചേവായൂർ പി.ഒ. കോഴിക്കോട്- 673017 |

| | | |
|---|---|---|
| ഡോ: രേഖ ആർ, മെഡിക്കൽഓഫീസർ (സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), | ഒന്നാം നില, റോയ അവന്യൂ അപ്പാർട്ട്മെന്റ്, ചാലപ്പുറം, കോഴിക്കോട്-2 |
| ഡോ: രാധിക കെ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), പെരുമണ്ണ ഗ്രാമപഞ്ചായത്ത് | ഇന്ദീവരം, ചേവായൂർ കോഴിക്കോട്-17 |
| ശ്രീമതി സന്ധ്യ പി.ടി, കൃഷിഓഫീസർ | കൃഷിഓഫീസർ, പെരുമണ്ണ ഗ്രാമപഞ്ചായത്ത് | പറമ്പിൽതൊടിയിൽ വീട്, പന്തീരങ്കാവ് പി.ഒ. കോഴിക്കോട്- 673019 |
| ഡോ: ഷംഷീർ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ) പെരുമണ്ണ ഗ്രാമപഞ്ചായത്ത് | ആരാമ്പുറം, പടനിലം, കോഴിക്കോട് |
| ഡോ: റുമൈസ ഡയറിഫാം ഇൻസ്ട്രക്ടർ | ഡയറിഫാം ഇൻസ്ട്രക്ടർ, പെരുമണ്ണ ഗ്രാമപഞ്ചായത്ത് | പാക്കോയ ഹൌസ്, മാത്തോട്ടം, അരക്കിണർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി1/316 /2021(2)/25/2/2021 | 4 | 2-1, 3-3, 3-4, 3-6 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി1/154 /2022(8)/25/10/2022 | 1 | 4-1(2) |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി1/154 /2022(9)/25/10/2022 | 1 | 2-3 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി1/154 /2022(10)/25/10/2022 | 2 | 2-6, 3-5 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി1/154 /2022(11)/25/10/2022 | 4 | 2-3-2, 3-1, 3-3, 3-5(1) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി1/154 /2022(12)/25/10/2022 | 2 | 2-1-3, 3-2 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി1/154 /2022(13)/25/10/2022 | 7 | 1-12-4, 1-15, 1-17, 1-20, 1-22, 1-30, 1-32 |

| | | | |
|---|---|---|---|
| | | | |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി1/377 /2022/ 21.04.2022 | 16 | 1-9(1)3,4,5,6,7, 1-11, 1-12, 1-13, 1-14, 1-21, 2-1, 3-1, 4-8, 4-10, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി1/373 /2022/ 05.05.2022 | 15 | 1-1, 1-2(എ), 1-9, 1-11, 1-13, 1-14, 1-16, 1-17(1), 1-18, 1-19, 1-23, 1-25, 1-26, 1-27, 1-30 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി1/235 /2023/ 24.07.2023 | 15 | 1-4-1, 1-5, 1-9, 1-24, 1-25, 1-26, 1-28, 1-29, 1-31, 1-32, 1-33, 1-34, 3-1, 4-8, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 123/2023 dated 07-07-2023 and submitted on 07-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Perumanna Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of Perumanna Grama Panchayat for the year 2022-2023

Date: 12/12/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Perumanna Grama Panchayat for the Year 2022-2023.

**1.Major Observations**

Payment voucher mis-classification.

Non disclosure of Assets

**2.Other Observations**

2.Other Observations

a) Basic ratios , notes on accounts are not included in the Annual Finance Statement.

b)The difference between the previous year's balance sheet and the current year's advance balance

c) ommission in carrying forward of the closing balance in the year in respect of asset

d)Cash flow statement - Net increase/decrease in cashflow does not match with the difference

between the opening balance and closing balance of cash and cash equivalents.

e) missclassification of receipt voucher

f) monthly Bank Reconcillation statement not prepared

g)Cheque uncashed for more than 3 months were not transfered to stale cheque account
h) Withdrawal without entry in bankbook.

i)Mismatch in the amounts shown in AFS and Register Abstracts.

j) Asset Register,Deposit Register, Advance register not updated.

k)Lapses in making timely and accurate demand entries in Property Tax.

l) Total expenditure not match with AFS and Sulekha Expenditure statement

m)Outstanding amounts under liability head were not repaid to the government

n)The expenditure was not shown in the expenditure statement

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്